ISSN:2583-2484

# ശാംഭവി

ത്രൈമാസിക

SHAAMBHAVI | Book 12 | October - December 2023 | Edition 4



# പത്രാധിപക്കുറിപ്പ്

അവസരങ്ങളിൽ ഉയരുവനുള്ള കഴിവാണ് ഒരു മനുഷ്യനെ സംബന്ധിച്ച് വലുത്. തന്റെ ഗുണങ്ങളെ അറിയുന്നതൊടോപ്പം ദോഷങ്ങളെക്കുറിച്ചും തികച്ചും ബോധവനാകുവാൻ അവസരങ്ങൾ ഒരു മനുഷ്യനെ സഹായിക്കും. സ്വയം ഒരവബോധമുണ്ടാവുക എന്ന ഒരു ജീവിതനൈപുണി വളർത്തിയെടുക്കുവാൻ പരിശീലിപ്പിക്കുക അച്ഛനമ്മമരുടെയും വിദ്യാലയത്തിന്റെയും പ്രഥമകർത്തവ്യമായി കരുതുന്നു. മനുഷ്യേതരജീവികളിൽ ഒന്നോ രണ്ടോ കഴിവുകൾ അവരിൽ ജന്മസിദ്ധമായി വളർന്ന വരുന്നതായി കാണാം. അവരെ അത് ആരും ചൂണ്ടി കാണിച്ചു കൊടുക്കുകയോ വളർത്തിയെടുക്കുവാൻ അവരെ പരിശിലിപ്പിക്കുകയോ വേണ്ട. എന്നാൽ അങ്ങനെയല്ല മനുഷ്യരിൽ. ശീലങ്ങളാണ് എല്ലായിടത്തും നമ്മുടെ ധനം . കാരണം ഈയൊരു സുഭാഷിതം നോക്കു -

"വിദേശേഷു ധനം വിദ്യാ<br>
വ്യസനേഷു ധനം മതിഃ<br>
പരലോകേ ധനം ധർമഃ<br>
ശീലം സർവത്ര വൈധനം "

വിദേശങ്ങളിൽ നമ്മൾ ജീവിക്കുകയാണെങ്കിൽ ആൾ ബലം കാണുകയില്ലല്ലോ. അതുകൊണ്ട് വിദ്യാഭ്യാസമാണ് അവിടെ ആവശ്യം. ആപത്തഘട്ടങ്ങളിൽ ബുദ്ധിയാണ് ധനം. ഇവിടെയുള്ള ധാർമ്മികജീവിതമാണ് പരലോകത്തെ ധനം. എന്നാൽ ശീലം എല്ലായിടത്തും ധനമാകുന്നു. ഏറ്റവും ആത്യാവശ്യം ശീലമാകുന്നു. സമൂഹത്തിൽ നല്ല ശീലങ്ങൾ വളർത്തിയെടുക്കുക ഒരു പ്രധാനകാര്യമാണ്.

# ശാംഭവി
## ത്രൈമാസിക
സൗജന്യ വിതരണത്തിന്

പുസ്തകം 12 ലക്കം 04 ഒക്ടോബർ – ഡിസംബർ 2023


# വിഷയവിവരം


1. ശിവപൂജാസ്തവഃ
2

2 സംസ്കൃതപാഠം (55)
5

3. പരമാർത്ഥസാരം (23)
8

4. സ്തുതികുസുമാഞ്ജലി (15)
12

5. കുട്ടികളുടെ വാല്മീകിരാമായണം (36)
17

6. താന്ത്രികവൈഷ്ണവദർശനം
19

7. തന്ത്രസാഹിത്യം (ആഗമങ്ങൾ, സംഹിതകൾ)
21

8. ഔഷധസസ്യങ്ങൾ (42) ഉമ്മം
31

9. പഞ്ചോപചാരക്രമം
32



ശ്രീപുരം പബ്ലിക്കേഷൻസ്
മാടായിക്കോണം
ഇരിങ്ങാലക്കുട
തൃശ്ശൂർ – 680 712

shripuramtrust@yahoo.co.in.
www.shripuram.org



## എഡിറ്റോറിയൽ ബോർഡ്

പ്രിന്റർ & പബ്ലിഷർ
**കെ.പി. ശ്രീധരൻ നമ്പൂതിരി**

എഡിറ്റർ
**ഡി. പ്രകാശ്**

എക്സിക്യൂട്ടീവ് എഡിറ്റർ
**ഡോ. അജിതൻ പി.ഐ.**

ഡെപ്യൂട്ടി എഡിറ്റർ
**ഡോ. ദാമോദർ നാരായണൻ സി.എൻ.**

അസിസ്റ്റന്റ് എഡിറ്റർ
**ഡോ. മുരളികൃഷ്ണൻ എം.വി.**

സബ് എഡിറ്റർ
**അനൂപ് കൃഷ്ണൻ എസ്.യു.**

പുറംചട്ട രൂപകല്പന
**ഉണ്ണി കൊണ്ടമറുക്**

അക്ഷരവിന്യാസം, രൂപകല്പന
**ശ്രീപുരം ട്രസ്റ്റ്**

മുദ്രണം
**മമ ഓഫ് സെറ്റ് പ്രിന്റ്**
നട, ഇരിങ്ങാലക്കുട

# ശിവപൂജാസ്തവഃ

സമ്പാദക : അപർണ്ണാദേവി എ.

ജ്ഞാനശിവപ്രണീതഃ

(കഴിഞ്ഞ ലക്കം തുടർച്ച)

**ശ്രീമന്മൂലമന്ത്രത്ഥനാദശിഖയാ ബ്രഹ്മാദിസദാശിവ-**
**സ്ഥാനത്യാഗഗതിക്രമോർദ്ധ്വവിലസദ്വ്യോമാന്തസംസ്ഥയാ തേ**
**ബോധാനന്ദമയായ സർവ്വവിഭവേ നിത്യായ വിശ്വാത്മനേ**
**ശുദ്ധായാമയതേജസേ ച മഹതേ തസ്മൈ പരസ്മൈ നമഃ** 31

**സാരം** - ബോധം എന്ന് പറയപ്പെടുന്ന ആത്മസ്വരൂപനും സർവ്വസമ്പത്തും നിത്യനും വിശ്വസ്വരൂപനും ശുദ്ധവും നിർമ്മലതേജസ്സും മഹത്തും ബ്രഹ്മാദിസദാശിവന്മാർക്കും മുകളിലുള്ളവനും സർവ്വത്തിനും മൂലസ്വരൂപമായും ഇരിയ്ക്കുന്ന ആ പരമമായതിന് നമസ്കാരം.

**ചന്ദ്രയുഗ്മഗുണാർധമാത്രതദർധതദ്ദളഷോഡശ-**
**ദ്വ്യുത്തരത്രിദശാബ്ധിഷഷ്ടിഭുജംഗമശ്രവണക്ഷമാഃ**
**ദർശനേഷുകരാംശഭാവമിതോന്മനീപരമാസനം**
**യസ്യ തം പ്രണതോസ്മി നിഷ്കലമവ്യയം പരമം ശിവം** 32

**സാരം** - നിഷ്കലനും അവ്യയനും പരമവുമായിരിയ്ക്കുന്ന ശിവനെ ഞാൻ പ്രണമിയ്ക്കുന്നു.

**ആദിപഞ്ചമമൃത്യുഭൂഷണചന്ദ്രഖണ്ഡഗുണാശ്രുദൃഗ്-**
**ഭാനുഗധ്വനിസീരഭാസ്കരസേന്ദുവൃത്തഹേലാകൃതിഃ**
**സാംശുമത്ത്രിശിഖദ്വിബിംബഗതദ്വികുബ്ജഗ ഉന്മനാഃ**
**പാതു വഃ സകലോപരഃ സകലാകലസ്ത്വകലഃ ശിവഃ** 33

**സാരം** - എല്ലാ കലകളോട് കൂടിയവനും എന്നാൽ അവികലവുമായിരിയ്ക്കുന്ന ശിവൻ നിങ്ങളെ രക്ഷിയ്ക്കട്ടെ.

**നിഷ്കലം ശിവരുദ്രതദ്ഗലഭൂഷണാർധഹിമാംശുമ-**
**ദ്രോധിദണ്ഡതദന്തശക്തിചതുഷ്ടയേശ്വരയോഗിനം**
**ശങ്കരം വസുസാഗരാങ്ഗുലചാരിണം രസശൂന്യഗം**
**സർവ്വമന്ത്രപതിം പ്രസാദമഹം നതോസ്മി ഷഡധ്വഗം** 34

**സാരം** - ഷട്മാർഗ്ഗചാരിയും നിഷ്കലനും എല്ലാ മന്ത്രങ്ങളുടെ പതിയും സന്തുഷ്ടനുമായിരിയ്ക്കുന്ന ശങ്കരനെ നമസ്കരിയ്ക്കുന്നു.

**ചിദ്വ്യക്തി സംസ്ഥിത്യവലോകരോഘൈർമുദ്രോത്തരൈരെങ്ഗശിവൈക ഭാവൈഃ**

**പാദ്യാചമാർഘ്യപ്രസവപ്രദാനൈസ്ത്വദർചനം ജന്മഫലം മഹേശ 35**

**സാരം** – ശിവോഹം എന്ന ഭാവത്തോടെ പാദ്യം അർഘ്യം പുഷ്പം എന്നിവ നൽകുന്നത് ഒരു ജന്മഫലം കിട്ടും.

**ആവാഹനം സ്വാത്മനി ചിത്പ്രകാശസ്തത്ര സ്ഥിതിഃ സ്ഥാപനമീശ്വരസ്യ**
**സാന്നിധ്യമാത്മേശ്വരസന്നിധാനം സംരോധനം ച സ്വശിവേ നിരോധഃ 36**

**സാരം** – അവനവനിൽ ശിവനെ ആവാഹിയ്ക്കുകയും അവിടെ നിർത്തുകയും സാന്നിധ്യവും സന്നിരോധവും അവിടെ തന്നെ നിർവ്വഹിയ്ക്കുക എന്ന ആരാധനാമാർഗ്ഗം സ്വീകരിയ്ക്കണം.

**നമോസ്തു സംജ്ഞാനഹൃദേ ഭവായ നമോഗുണൈശ്വര്യവിശിഷ്ട മൂർത്തയേ**
**നമോ പരാധീനശിവത്വരൂപശിഖായ തേജഃകവചാത്മനേ നമഃ 37**

**സാരം** – ഭവനും സംജ്ഞാനഹൃത്തിനും ഗുണങ്ങൾ, ഐശ്വര്യം എന്നിവയാൽ വിശിഷ്ടപ്പെട്ടവനും തേജോരൂപനും കവചരൂപനും ആയിക്കൊണ്ട് നമസ്കാരം.

**നമഃ പശൂനാം മലകൃന്തനക്ഷമാസഹപ്രതാപാസ്തുകരായ ശൂലിനേ**
**നമോ വികാരായ ഷഡങ്ഗമൂർത്തയേ സദാശിവായാമൃതരൂപിണേ നമഃ 38**

**സാരം** – പശുക്കളായ സകലജീവികളുടെയും സകലതാപങ്ങളെയും നശിപ്പിയ്ക്കുന്നവനും ശൂലമെന്ന ആയുധമേന്തിയവനും ഷഡങ്ഗമൂർത്തിയും പ്രപഞ്ചരൂപിയും സദാശിവനും അമൃതസ്വരൂപിയുമായ ശിവനായി നമസ്കാരം.

**സ്വഭാവശുദ്ധസ്യ ശിവസ്യ പാദ്യമാചമ്യമാത്മീയവിശുദ്ധിഹേതോഃ**
**അർഘ്യപ്രദാനം കുസുമാർപണം ച സദേശധാമാപ്തിനിമിത്തമേതത് 39**

**സാരം** – സ്വഭാവശുദ്ധനായ ശിവന് പാദ്യം, ആചമനം, അർഘ്യം, പുഷ്പം എന്നിവ നൽകുന്നത് ആത്മവിശുദ്ധിയ്ക്കും സായൂജ്യമടയാനും കാരണമാകും.

**സ്നാനം സ്വാത്മാമലാപഹം ശുഭമയൈർഗന്ധൈഃ സമാലേപനം**
**സദ്വസ്ത്രാഭരണം സുഗന്ധികുസുമൈർമാലാഭിരഭ്യർചനം**
**സാലങ്കാരസദാശിവസ്യ വിധിവദ് ധൂപപ്രദാനം ത്വണോ-**
**ർഭോഗാർത്ഥം ഹി സദേശധാമ്നി വിമലം ദീപം ശിവജ്ഞാനദം 40**

**സാരം** - ദേവനെ കുളിപ്പിച്ച് വൃത്തിയാക്കുക, ശുദ്ധസുഗന്ധങ്ങളെ ദേവ ശരീരത്തിൽ പുരട്ടുക, നല്ല വസ്ത്രാഭരണങ്ങൾ അണിയിയ്ക്കുക ഇപ്രകാരം അലങ്കാരയുക്തനായ സദാശിവന് വേണ്ടുംവണ്ണം ധൂപം നൽകുക എന്നിവ ഇഹലോകസുഖത്തിനും വിമലമായ ദീപം കാണിയ്ക്കുക ശിവജ്ഞാനലാഭത്തിനും കാരണമാകുന്നു.

**ശുചീശരക്തപാനീലേന്ദ്രമൃത്യുകേന്ദുദിക്സ്ഥിതാൻ**
**പയോധരാർകവാതവഹ്നിസന്നിഭാനലേക്ഷണാൻ**
**യുഗാനനാൻ വരാഭയത്രിശൂലശക്തിയുക്കരാൻ**
**നമഃ ശിവാങ്കസംഭവാൻ ഹൃദാദിമന്ത്രവിഗ്രഹാൻ** 41

**സാരം** - വരാഭയത്രിശൂലശക്തികളെ ധരിച്ചിരിയ്ക്കുന്നവരും ഹൃദാദിമന്ത്രദേവതകളും ശിവാംഗങ്ങളിൽ നിന്ന് സംഭവിച്ചിരിയ്ക്കുന്നവരുമായ പരിവാരങ്ങൾക്കായി നമസ്കാരം.

**ഭോഗാങ്ഗാർചനമാത്മനഃ ശിവഗുണപ്രാപ്ത്യർത്ഥമൈക്യം വിഭോ-**
**രങ്ഗാനാം പുനരർചകസ്യ ശിവസംയോഗായ ശിവാത്മനഃ**
**തൃപ്തസ്യാത്ര നിവേദനാംബുമുഖവാസാദിപ്രദാനം മന-**
**തൃപ്ത്യർത്ഥം ശിവ സർവമങ്ഗലകരം ചിത്രം തവാർചാഫലം** 42

**സാരം** - സ്വശരീരത്തെ ശിവപരാമായി ആരാധിച്ചാൽ ശിവഗുണപ്രാപ്തിയും അംഗങ്ങളെ ശിവാംഗങ്ങളായി ആരാധിച്ചാൽ ശിവസംയോഗവും ജലം, വസ്ത്രം എന്നിവയുടെ പ്രദാനം മനഃസംതൃപ്തിയും ഇപ്രകാരം ശിവൻ സർവ്വമംഗളകരനാണ്.

**പവിത്രപൂതസ്യ പവിത്രദാനം താപത്രയഘ്നം സകലാർത്ഥസിദ്ധ്യൈ**
**ജപശ്ച ഭക്ത്യാ പ്രണതിഃ ശിവസ്യ ബ്രഹ്മേന്ദ്രവിഷ്ണ്വാദിപദത്വഹേതുഃ** 43

**സാരം** - ഭക്തിയോടെ പവിത്രപരമായ ശിവന്റെ ജപവും നമസ്കാരവും സകലാർത്ഥപ്രദാനവും ആധിഭൌതികവും ആധിദൈവികവും ആധ്യാത്മികവുമായ പാപങ്ങളെ നശിപ്പിയ്ക്കുന്നതും ബ്രഹ്മാവ് ഇന്ദ്രൻ വിഷ്ണു തുടങ്ങിയവരുടെ പദപ്രാപ്തിയ്ക്ക് കാരണവുമാകുന്നു.

**അർചനേ സകലം ജപേ സകലാകലം സതതോദിതം**
**നിഷ്കലം സകലാധ്വഗം പരിപൂർണമാത്മസമർപണേ**
**വ്യോമ്നി സുസ്ഫടികപ്രഭം ഭവനേ കലാസഹിതം സുധി-**
**ർയോ ഹി വേത്തി പരം ശിവം ശിവ ഏവ സോത്ര ന സംശയഃ** 44

**സാരം** - യോതൊരാളാണോ അർച്ചനയിലും ജപത്തിലും ആത്മസമർപ്പണത്തിലും ആകാശതത്ത്വത്തിലും ശരീരമാകുന്ന പൂജാഗൃഹത്തിലും സ്ഫടിക

ശോഭയോടെയും പരിപൂർണ്ണതയോടെയും ശിവനെ അറിയുന്നത് അവൻ സാക്ഷാത് ശിവനെന്നതിൽ .യാതൊരു സംശയവുമില്ല.

**അശുദ്ധതത്ത്വൌഘബഹിഷ്കൃയാർത്ഥം പരാങ്മുഖാഖ്യം പരമേശ്വരസ്യ**
**യസ്മിന്നവസ്ഥാനകരം വിസർഗം കുർവൻ സ ശൈവം പദഭ്യൈപൈതി 45**

**സാരം** - അശുദ്ധതത്ത്വങ്ങളെ ഇല്ലാതാക്കുവാൻ പരാങ്മുഖം എന്ന് പേരുകേട്ട ശിവന്റെ ഈ പൂജാസ്തോത്രത്തെ നിർമ്മിയ്ക്കുന്നവനായി ശൈവമായ പരമപദത്തെ പ്രാപിച്ചു.

**വിപ്രോത്തുങ്ഗശ്ചോളദേശൈകസൂര്യഃ ശംഭോ പൂജാസ്തോത്രമേതത്പ**
**വിത്രം**
**............................................ ഭക്ത്യാ ചക്രേ ഭുക്തയേ മുക്തയേ ച 46**

( ഈ ശ്ലോകത്തിന്റെ കുറച്ച് ഭാഗം കണ്ടു കിട്ടിയിട്ടില്ല )

**സാരം** - ബ്രാഹ്മണോത്തമനും ചോളദേശത്തെ പ്രധാനിയുമായൊരാൾ പവിത്രമായ ശിവന്റെ ഈ പൂജാസ്തോത്രം ഭക്തിയോടെ ഭോഗമോക്ഷത്തിനായി എഴുതി.

# സംസ്കൃതപഠനം (55)

**ഡി. പ്രകാശ്**

(കഴിഞ്ഞ ലക്കം തുടർച്ച)

**ദുദോഹ ഗാം സ യജ്ഞായ സസ്യായ മഘവാ ദിവം**
**സമ്പദ്വിനിമയേനോഭൌ ദധതുർഭുവനദ്വയം 26**

പദങ്ങൾ - ദുദോഹ ഗാം സഃ യജ്ഞായ സസ്യായ മഘവാ ദിവം സമ്പദ്വിനിമയേന ഉഭൌ ദധതുഃ ഭുവനദ്വയം

## വിഭക്ത്യാദികൾ

| | |
|---|---|
| ഗാം | ഓകാരാന്തഃ സ്ത്രീലിംഗഃ ദ്വിതീയാ ഏകവചനം |
| സഃ | തകാരാന്തഃ പുല്ലിംഗഃ പ്രഥമാ ഏകവചനം |
| യജ്ഞായ | അകാരാന്തഃ പുല്ലിംഗഃ ചതുർത്ഥീ ഏകവചനം |
| സസ്യായ | അകാരാന്തഃ പുല്ലിംഗഃ ചതുർത്ഥീ ഏകവചനം |

| | |
|---|---|
| മഘവാ | നകാരാന്തഃ പുല്ലിംഗഃ പ്രഥമാ ഏകവചനം |
| ദിവം | വകാരാന്തഃ സ്ത്രീലിംഗഃ ദ്വിതീയാ ഏകവചനം |
| സമ്പദ്വിനിമയേന | അകാരാന്തഃ പുല്ലിംഗഃ തൃതീയാ ഏകവചനം |
| ഉഭൌ | അകാരാന്തഃ പുല്ലിംഗഃ പ്രഥമാ ദ്വിവചനം |
| ഭുവനദ്വയം | അകാരാന്തഃ നപുംസകല്ലിംഗ ദ്വിതീയാ ഏകവചനം |

## സമാസാദികാര്യങ്ങൾ

| | |
|---|---|
| സമ്പദ്വിനിമയേന | സമ്പാദാം വിനിമയഃ തേന |
| ഭുവനദ്വയം | ഭുവനാനാം ദ്വയം |

## ധാതുപദലകാരപുരുഷവചനങ്ങൾ

ദുദോഹ - ദുഹ് ധാതു, പരസ്മൈപദീ, ലിട് ലകാരഃ, പ്രഥമപുരുഷഃ, ഏകവചനം

| | | |
|---|---|---|
| ദുദോഹ | ദുദുഹതുഃ | ദുദുഹുഃ |
| ദുദോഹിഥ | ദുദുഹഥുഃ | ദുദുഹ |
| ദുദോഹ | ദുദുഹിവ | ദുദുഹിമ |

ദധതുഃ - ഡുധാഞ് ധാതുഃ, പരസ്മൈപദീ, ലിട് ലകാരഃ, പ്രഥമപുരുഷഃ, ഏകവചനം

| | | |
|---|---|---|
| ദധൌ | ദധതുഃ | ദധുഃ |
| ദധാന, ദധിഥ | ദധഥുഃ | ദധ |
| ദധൌ | ദധിവ | ദധിമ |

## പദാർത്ഥങ്ങൾ

| | |
|---|---|
| ദുദോഹ | കറന്നു |
| ഗാം | ഭൂമിയെ |
| സഃ | അദ്ദേഹം |

| | |
|---|---|
| യജ്ഞായ | യജ്ഞത്തിനായി |
| സസ്യായ | സസ്യത്തിനായി |
| മഘവാ | ഇന്ദ്രൻ |
| ദിവം | സ്വർഗ്ഗത്തെ |
| സമ്പദ്വിനിമയേന | സമ്പത്തിന്റെ വിനിമയംകൊണ്ട് |
| ഉഭൌ | ഇരുവരും |
| ദധതുഃ | പോഷിപ്പിച്ചു |
| ഭുവനദ്വയം | രണ്ടു ഭുവനങ്ങളെയും |

## അന്വയം / ഗദ്യക്രമം

സഃ യജ്ഞായ ഗാം ദുദോഹ. മഘവാ സസ്യായ ദിവം ദുദോഹ. (ഏവം) ഉഭൌ സമ്പദ്വിനിമയേന ഭുവനദ്വയം ദധതുഃ.

## അന്വയാർത്ഥം

അദ്ദേഹം യജ്ഞത്തിനായി ഭൂമിയെ കറന്നു. ഇന്ദ്രൻ സസ്യത്തിനായി സ്വർഗ്ഗത്തെ കറന്നു. ഇപ്രകാരം അവരിരുവരും സമ്പത്തിന്റെ വിനിമയംകൊണ്ട് രണ്ടുഭുവനങ്ങളയും പോഷിപ്പിച്ചു.

## സാരം

ദിലീപമഹാരാജാവ് ജനങ്ങളിൽ നിന്ന് നികുതി പിരിച്ച് യജ്ഞങ്ങൾ നടത്തി സ്വർഗ്ഗത്തെ പരിപോഷിപ്പിച്ചു. ഇന്ദ്രനാകട്ടെ സ്വർഗ്ഗത്ത് നിന്ന് വെള്ളം സമാഹരിച്ച് ഭൂമിയിൽ മഴ പെയ്യിച്ച് ഭൂമിയിൽ സസ്യലതാദികൾ വളർത്തി. ദിലീപൻ വേണ്ടവിധം ഭരണം നിർവ്വഹിച്ചതുകൊണ്ട് ഭൂമിയിൽ സമ്പൽസമൃദ്ധി ഉണ്ടായി എന്നും വേണ്ടവിധത്തിലുള്ള സമ്പത്തിന്റെ കൈമാറ്റം കൊണ്ടാണ് രാജ്യത്ത് സുസ്ഥിതിയുണ്ടാവുക എന്നും ഇതിയൂടെ കവി നമ്മെ ഓർമ്മിപ്പിയ്ക്കുന്നു.

(തുടരും)

മഹാമഹേശ്വരാചാര്യശ്രീമദഭിനവഗുപ്തകൃതം

# പരമാർത്ഥസാരം (23)

**(ശ്രീമദ് യോഗരാജകൃതവിവൃതിസഹിതം)**

**ഡോ. ദാമോദർ നാരായണൻ സി.എൻ.**

(കഴിഞ്ഞ ലക്കം തുടർച്ച)

തദേവം വ്യാഖ്യാതേന ക്രമേണ സർവ്വോ മമായം വിഭവ ഇതി ദാർഢ്യേന സ്വാത്മാനം പ്രത്യവമൃശൻ പരബ്രഹ്മസ്വരൂപോ യോഗീ ഭവതീത്യാഹ.

51. **ഇത്ഥം ദ്വൈതവികല്പേ ഗളിതേ പ്രവിലംഘ്യ മോഹിനീം മായാം**
**സലിലേ സലിലം ക്ഷീരേ ക്ഷീരമിവ ബ്രഹ്മണി ലയീ സ്യാത്**

**സാരം**- ഈ പറഞ്ഞ പ്രകാരം ഇക്കാണുന്ന എല്ലാം എന്റെതന്നെ വിഭവമാണെന്ന ദാർഢ്യം കൊണ്ട് തന്നെത്തന്നെ മനസ്സിലാക്കിക്കൊണ്ട് പരബ്രഹ്മസ്വരൂപമാകുന്ന യോഗിയായിത്തീരുന്നു എന്നത് പറയുന്നു.

ഇപ്രകാരമുള്ള ദ്വൈതവികല്പങ്ങൾ നീക്കം ചെയ്യപ്പെട്ട് അത്യന്തം മോഹിപ്പിക്കുന്നതായ മായാശക്തിയെ അതിലംഘിച്ചിട്ട് [യോഗി] ജലത്തിൽ ജലവും പാലിൽ പാലും ലയിച്ചു ചേരുന്നതു പോലെ ബ്രഹ്മത്തിൽ ലയിച്ചു ചേരുന്നു.

**വിവൃതി**-അനേന പ്രകാരേണ സർവ്വാഹം ഭാവപരിശീലനയുക്ത്യാ ദ്വൈതവികല്പേ ഗളിതേ ഭേദപ്രഥായാം വിലീനായാം മോഹനീം മായാം പ്രവിലംഘ്യ അനാത്മന്യാത്മാഭിമാനരൂപാഖ്യാതിം ഭേദപ്രഥാഹേതുമഹമേവ വിശ്വാത്മേതി സങ്കോചാപസരണേന സമുത്സൃജ്യ ജ്ഞാനീ ബ്രഹ്മണി ബൃംഹണാത്മകേ പൂർണ്ണേ ചിദാനന്ദൈകഘനേ സ്വരൂപേ ലയീ സ്യാത്, സങ്കോചവിലയാത് ബ്രഹ്മതാദാത്മ്യം യായാത്. കിം യഥേത്യാഹ. സലിലേത്യാദി. യഥാ സലിലം ഉദ്ധൃതം നാനാഘടാദിഭിർജ്ജലം ക്ഷീരം വാ വിവിധശാവലേയബാഹുലേയാദ്യനേകഗോസഹസ്രസംഭിന്നം പുനരപി ഘടശാവലേയാദികൃതസങ്കോചപരിക്ഷയാത് സലിലേ സലിലം പ്രവിഷ്ടം ക്ഷീരേ ക്ഷീരം വേത്യേവമേവ തദ്വസ്തു ന തത്ര ഭേദഃ സ്ഫുരതി തഥൈവ ദേഹപ്രാണപുര്യഷ്ടകശൂന്യാത്മകപ്രത്യവമർശഭംഗാദ് ബ്രഹ്മൈവ സമ്പദ്യതേ. യഥാഹ ഭട്ടദിവാകരവത്സഃ.-

ജാതേ ദേഹപ്രത്യയദ്വീപഭംഗേ പ്രാപ്തൈകദ്ധ്യേ നിർമ്മലേ ബോധസിന്ധൌ.
അവ്യാവർത്ത്യ ത്വിന്ദ്രിയഗ്രാമമന്തർവ്വിശ്വാത്മാ ത്വം നിത്യ ഏവാഽവഭാസി.

ഇതി കക്ഷ്യാസ്തോത്രേ.

**പരിഭാഷ-** ഇപ്രകാരം ഇക്കാണുന്നതെല്ലാം ഞാൻ തന്നെയാണ് എന്ന ഭാവത്തിന്റെ പരിശീലനം കൊണ്ട് ദ്വൈതവികല്പം ഇല്ലാതായി ഭേദരൂപത്തിലിരിക്കുന്നതും മോഹിപ്പിക്കുന്നതുമായ മായാശക്തിയെ അതിലംഘിച്ചിട്ട് അഥവാ അനാത്മാവായിരിക്കുന്നതിൽ ആത്മാവാണ് എന്ന ഭേദത്തെ ജനിപ്പിക്കുന്നതായ സങ്കുചിതമായ ബോധത്തെ വിശ്വാത്മാവ് തന്നെയാണ് താൻ എന്ന ബോധത്താൽ ഇല്ലാതാക്കി ജ്ഞാനി നിരന്തരം വളർന്നു കൊണ്ടിരിക്കുന്നതായ പൂർണ്ണമായ ചിദാനന്ദൈകഘനമായ ബ്രഹ്മസ്വരൂപത്തിൽ ലയിക്കുന്നു അഥവാ സങ്കുചിതമായ ബോധത്തിന്റെ വിലയം കൊണ്ട് ബ്രഹ്മത്തിൽ താദാത്മ്യം ഉണ്ടാക്കുന്നു. എപ്രകാരമാണെന്നു പറയുന്നു. ഏതു പോലെയാണോ പല കുടങ്ങളിൽ ജലവും ശാവലേയം ബാഹുലേയം തുടങ്ങിയ ആയിരക്കണക്കിനു പശുക്കളിൽ നിന്നും പാലും എടുത്തതാണെങ്കിലും കുടങ്ങളുടെയും വിവിധപശുവിശേഷങ്ങളുടെയും ഭേദമാകുന്ന സങ്കോചം ഇല്ലാതായാൽ എല്ലാ പാലും ജലവും എവിടെ നിന്നാണെന്ന് മനസ്സിലാകാത്ത വിധം ഒന്നായിത്തീർന്ന് ഭേദമില്ലാതായിത്തീരുന്നതുപോലെ ദേഹം പ്രാണൻ പുര്യഷ്ടകം ശൂന്യത എന്നിവയുടെ ബോധത്തിന്റെ ഭംഗം കൊണ്ട് ബ്രഹ്മം മാത്രം അവശേഷിക്കുന്നു. ഭട്ടദിവാകരവത്സൻ ഇങ്ങനെ പറഞ്ഞിരിക്കുന്നു-

ദേഹജ്ഞാനമാകുന്ന ദീപം കെട്ടു പോകുകയും നിർമ്മലമായ ബോധസമുദ്രത്തിൽ ഐക്യപ്പെടുകയും ചെയ്യുമ്പോൾ ഇന്ദ്രിയസമൂഹത്തെ അകത്തേക്കു നയിച്ചു കൊണ്ട് വിശ്വാത്മാവായ അങ്ങു തന്നെ നിത്യവും പ്രകാശിക്കപ്പെടുന്നു. (കക്ഷ്യാസ്തോത്രം).

ഏവം ബ്രഹ്മസത്താമധിരൂഢസ്യ യോഗിനോ ദ്വന്ദ്വാഭിഭവോ∫പി ബ്രഹ്മമയ ഏവ ന സ്വരൂപവിപ്രലോപായ പ്രഗൽഭത ഇത്യാഹ.

52. **ഇത്ഥം തത്ത്വസമൂഹേ ഭാവനയാ ശിവമയത്ത്വമഭിയാതേ**
**കഃ ശോകഃ കോ മോഹഃ സർവ്വം ബ്രഹ്മാവലോകയതഃ**

**സാരം-** ഇങ്ങനെ ബ്രഹ്മസത്തയിൽ ആരൂഢനായ യോഗിയുടെ ദ്വന്ദ്വമായ ബോധവും ബ്രഹ്മമയമായിത്തീരുന്നു. സ്വരൂപത്തിന്റെ ബോധത്തിന് യാതൊരു ഹാനിയും സംഭവിക്കുന്നില്ല എന്നു പറയുന്നു.

ഇപ്രകാരം ഭാവനയാൽ തത്ത്വസമൂഹത്തിന്റെ ശിവമയത്ത്വത്തെ മനസ്സിലാക്കിയാൽ എല്ലാം ബ്രഹ്മമാണെന്ന ദൃഷ്ടിയോടു കൂടിയവന് മോഹവും ശോകവും എങ്ങനെ ഉണ്ടാകും?

**വിവൃതി-** ഏവം നിർണ്ണീതേന പ്രകാരേണ ഗളിതകഞ്ചുകബന്ധസ്യ യോഗിനഃ തത്ത്വസമൂഹേ ഭുവിഷയേന്ദ്രിയവ്രാതേ ഭാവനയാ സർവ്വമിദമേകാ സ്വസംവിദിതി ദൃഢപ്രവൃത്ത്യാ ശിവമയത്ത്വം പ്രാപ്തേ പരമാദ്വയരൂപതാം യാതേ ശോകമോഹോപലക്ഷിതാ ദ്വന്ദ്വാഭിഭവാഃ സർവ്വം ഇദം തത്ത്വവ്രാതം

ബ്രഹ്മ പശ്യതോ/സ്യ ന കേചനൈവ തേ ബ്രഹ്മമയത്ത്വാത് സർവ്വേ സ്വരൂപ രൂപാ ഇതി ന ഖേദായ പ്രഭവന്തി.

**പരിഭാഷ**- ഇങ്ങനെ നിർണ്ണയിക്കപ്പെട്ട പ്രകാരം കഞ്ചുകബന്ധം നീക്കം ചെയ്യപ്പെട്ട യോഗിക്ക്, എന്നു വച്ചാൽ ഭൂതങ്ങൾ വിഷയങ്ങൾ ഇന്ദ്രിയങ്ങൾ എന്നിവ ഭാവനയാൽ ഇക്കാണുന്നതെല്ലാം തന്റെ തന്നെ സംവിത് സ്വരൂപമാണെന്ന ദൃഢപ്രവൃത്തി കൊണ്ട് ശിവമയത്ത്വം അഥവാ പരമാദ്വയ രൂപം പ്രാപിച്ചയാൾക്ക് ശോകം മോഹം എന്നിവയോട്ടു കൂടിയ ദ്വന്ദ്വങ്ങളായ അനുഭവങ്ങൾ ഒന്നും തന്നെ സ്പർശിക്കുന്നില്ല. ബ്രഹ്മത്തെ കാണുന്നതായ ഈ യോഗിക്ക് എല്ലാം സ്വരൂപത്തിന്റെ തന്നെ വിവിധരൂപങ്ങളാണ് എന്ന ബോധം ഉള്ളതു കൊണ്ട് ഒന്നും ഖേദത്തിനു കാരണമാകുന്നില്ല.

നനു പരമാദ്വയരൂപസ്യാപി ജ്ഞാനിനോ/വശ്യം സ്ഥിതേ ശരീരേ/പി തദ്ധേതുകശുഭാശുഭകർമ്മഫലസഞ്ചയഃ കിമിതി ന സ്യാദിതി പരിഹരതി.

**53. കർമ്മഫലം ശുഭമശുഭം മിഥ്യാജ്ഞാനേന സംഗമാദേവ**
**വിഷമോ ഹി സംഗദോഷസ്തസ്കരയോഗോ/പ്യതസ്കരസ്യേവ**

**സാരം**- ഇവിടെ ഒരു സംശയം ഉണ്ടായേക്കാം, പരമാദ്വയരൂപത്തെക്കുറിച്ചുള്ള ജ്ഞാനം ഉണ്ടായ ഒരാൾക്കും താൻ നിലനില്ക്കുന്ന ശരീരം ഹേതുവായി ശുഭവും അശുഭവുമായ കർമ്മവും അതിന്റെ സഞ്ചയവും ഉണ്ടാകമോ ഇല്ലായോ എന്നത്. അതിനുത്തരം പറയുന്നു.

ശുഭവും അശുഭവുമായ കർമ്മഫലമാകുന്ന വിഷമം മിഥ്യാജ്ഞാനത്തോടു കൂടുമ്പോൾ മാത്രമാണ് ഉണ്ടാകുന്നത്. ഏതു പോലെയാണോ കള്ളനല്ലാത്ത ഒരാൾക്കും കള്ളനുമായുള്ള കൂട്ടുകെട്ടിന്റെ ഫലം കൊണ്ട് അയാളുടെ ദോഷം വന്നു ചേരുന്നത് അതു പോലെ.

**വിവൃതി**- അശ്വമേധബ്രഹ്മഹനനാദി രൂപ പുണ്യാപുണ്യകർമ്മ ഫലപ്രചയസഞ്ചയോ/പി മിഥ്യാജ്ഞാനേന സംഗമാദേവ പ്രാദുർഭവത്യഹം ശരീരീദമശ്വമേധാദിമമോപായതയാസ്ത്വിതി യദനാത്മന്യാത്മാഭിമാനലക്ഷണം വൈപരീത്യേന ജ്ഞാനം തേന യോ/ഭിഷ്വംഗസ്തസ്മാദേവ പശോഃ ശുഭാശുഭ കർമ്മഫലസഞ്ചയോ യേനാനവരതാധിവാസിതഃ സംസാരക്ലേശഭാജനം ഭവതി. നനു ബ്രഹ്മാത്മകസ്യാപി പ്രമാതുഃ കിമിത്യേതാവതാ പശുത്വമായാതീത്യത്രാർത്ഥാന്തരമുപക്ഷിപതി വിഷമോ ഹി ഇത്യാദി. യസ്മാത് സംഗദോഷഃ സർവ്വഥാവിഷഹ്യോ യഥാസാധുയോഗോ/ത്യന്തസാധോരപി സ്വഗതദോഷ സമർപ്പണം കുരുതേ തഥൈവ ശുദ്ധസ്യാപി പ്രമാതുരഖ്യാതിജനിതോ മോഹയോഗഃ പശുത്വമാപാദ്യ ശുഭാശുഭകർമ്മസംബന്ധം ദദാതി.

**പരിഭാഷ**- അശ്വമേധം ബ്രാഹ്മണഹത്യാ തുടങ്ങിയ പുണ്യാപുണ്യകർമ്മങ്ങളുടെ സഞ്ചയവും മിഥ്യാജ്ഞാനത്തിന്റെ സംഗമം കെ

ാണ്ടാണുണ്ടാകുന്നത്. ശരീരിയായിരിക്കുന്ന ഞാൻ അശ്വമേധാദിയാണ് ഉപായങ്ങൾ എന്നിങ്ങനെയുള്ള അനാത്മാവിൽ ആത്മജ്ഞാനവും ആത്മാവിൽ അനാത്മജ്ഞാനവും കൊണ്ടുള്ള ബന്ധം കാരണം കർമ്മസഞ്ചയമുണ്ടാവുകയും പശുവായുള്ള ജീവൻ സംസാരക്ലേശങ്ങൾക്ക് പാത്രമായിത്തീരുകയും ചെയ്യുന്നു. ഇനി ബ്രഹ്മാത്മകനായ പ്രമാതാവിന് എപ്രകാരം ഇത്തരം പശുത്ത്വം ഉണ്ടാകുന്നുവെന്ന് പറയുന്നു. വിഷമെന്നതു കൊണ്ട്. സംഗദോഷമെന്നത് എല്ലായ്പോഴും വിഷമത്തോടു കൂടിയതാണ്. സജ്ജനത്തിൽ പോലും ചീത്ത കൂട്ടുകെട്ട് ചില മാലിന്യങ്ങളെ ഉണ്ടാക്കും. അതു പോലെ ശുദ്ധപ്രമാതാവിലും അഖ്യാതിയിൽ നിന്നുണ്ടായ മോഹത്തിന്റെ യോഗം കൊണ്ട് പശുത്ത്വത്തെ പ്രാപിച്ച് ശുഭാശുഭകർമ്മസംബന്ധത്തെ ഉണ്ടാക്കുന്നു.

ജന്മമരണാദ്യപി ന ബ്രഹ്മരൂപസ്യ യോഗിനോ∫പി തു മായാപ്രമാതൃണാമേവേത്യാഹ.

54. **ലോകവ്യവഹാരകൃതാം യ ഇഹാവിദ്യാമുപാസതേ മൂഢാഃ**
**തേ യാന്തി ജന്മമൃത്യുധർമ്മാധർമ്മാഗളാബദ്ധാഃ**

**സാരം**- ജന്മമരണങ്ങൾ ബ്രഹ്മരൂപത്തിൽ പ്രവേശിച്ച യോഗികൾക്കില്ല. മായാപ്രമാതൃക്കൾക്കു മാത്രമാണുള്ളത് എന്നതു പറയുന്നു.

ഇവിടെ ലോകവ്യവഹാരത്തിൽ നിന്നുമുണ്ടായ അവിദ്യയെ ആരുപാസിക്കുന്നുവോ അവർ മൂഢരാകുന്നു.അവർ ജന്മം മൃത്യു ധർമ്മം അധർമ്മം എന്നിങ്ങനെയുള്ള കെട്ടിൽ പെടുന്നു.

**വിവൃതി**- യേ പ്രമാതാരോ ദേഹാത്മമാനിനോ ഭൂത്വാ ഫലകാമനാകലുഷിതാ ലോകാചാരരൂപാം പുണ്യാപുണ്യമയീം അവിദ്യാം ഭേദപ്രഥാരൂപാം മായാം ജഗതി സ്വർഗ്ഗനരകാദിഫലപ്രാപ്ത്യുപായത്വേന സേവന്തേ തേ മൂഢാഃ അജ്ഞാഃ പുണ്യാപുണ്യനിഗഡബദ്ധാസ്തത്ഫലഭോഗായ പുനഃ പുനർജായന്തേ മ്രിയന്തേ ചേത്യനവരതസംസാരക്ലേശഭാജോ ഭവന്തി ന പുനഃ പ്രക്ഷീണമോഹാവരണോ വിഗളിതധർമ്മാധർമ്മബന്ധോ ബ്രഹ്മസ്വഭാവോ യോഗീ ജായതേ മ്രിയതേ വേതി.

**പരിഭാഷ**- യാതൊരു പ്രമാതാക്കളാണോ ദേഹത്തെ ആത്മാവായി കണ്ടുകൊണ്ട് ഫലം കാമനാ എന്നിവയെക്കൊണ്ട് കലുഷിതമായ ലോകാചാരരൂപയായിരിക്കുന്നതും ഭേദത്തെ തേന്നിപ്പിക്കുന്നതായ അവിദ്യയാകുന്ന മായയെ ജഗത്തിൽ സ്വർഗ്ഗം നരകം എന്നിങ്ങനെയുള്ള ഫലപ്രാപ്ത്യുപായരൂപത്തിൽ സേവിക്കുന്നത് അങ്ങനെയുള്ള മൂഢന്മാർ അഥവാ അജ്ഞന്മാർ പുണ്യം പാപം എന്നീ ശൃംഖലയാൽ ബന്ധിക്കപ്പെട്ട് അതിന്റെ ഫലഭോഗത്തിനായി വീണ്ടും വീണ്ടും ജനിക്കുകയും മരിക്കുകയും ചെയ്ത് അനവരതമായ സം

സാരക്ലേശത്തിന് പാത്രീഭൂതരായി ഭവിക്കുന്നു. മോഹാവരണം ഇല്ലാതായതും ധർമ്മാധർമ്മബന്ധം വിട്ടു പോയതുമായ ബ്രഹ്മസ്വഭാവത്തോടു കൂടിയ യോഗി ജനിക്കുകയോ മരിക്കുകയോ ചെയ്യുന്നില്ല.

(തുടരും)

**ശ്രീ ജഗദ്ധരഭട്ട വിരചിതം**

# സ്തുതികുസുമാഞ്ജലി (15)

**ഡോ. മുരളീകൃഷ്ണൻ എം.വി.**

(കഴിഞ്ഞ ലക്കം തുടർച്ച)

സ്തുതി- 16

**അചേതനോ യഃ കില കുസ്ഥിതിപ്രിയഃ പൃഥഗ്വിധോപാധിശതക്ഷതാശയഃ**

**നിഷേവ്യതേ പാദതലേ സ യദ്ഗിരിശ്ചിരം മുനീന്ദ്രൈരപി ശുദ്ധമാനസഃ**

**അർത്ഥം**- ആരാണോ അചേതനമായി (ചലനമില്ലാതെ) സ്ഥിതിചെയ്തുകൊണ്ട് കുൽസിതപ്രിയരായ നാനാവിധത്തിലുള്ള ജന്തുക്കളുടെ ഉപദ്രവത്താൽ ബുദ്ധിമുട്ടിക്കൊണ്ടിരിക്കുന്നത്, ആ കൈലാസപർവതം വളരെയധികം ശുദ്ധമനസ്സോടുകൂടി തന്റെ കാൽപാദത്തിങ്കൽ വസിക്കുന്ന മുനിവര്യരെ ചിരകാലം മുഴുവൻ സേവിക്കുന്നു. സൗഭാഗ്യമെന്തെന്നാൽ ഈ കൈലാസപർവതം ശ്രീസദാശിവന്റെ സംരക്ഷണരൂപമായ കൽപവൃക്ഷത്തിന്റെ ഫലമാണ് എന്നതാണ്.

സ്തുതി- 17

**നിസർഗതഃ സത്പഥഗർഹിതസ്ഥിതിർമലീമസോ ജിഹ്മഗതിശ്ച യഃ**

**ഫണീ**

**സ കുണ്ഡലീ യന്മണിമൗലിമണ്ഡിതോ മഹാഭുജങ്ഗഃ പൃഥുഭോഗഭാഗപി**

**അർത്ഥം**- സ്വഭാത്തിൽ തന്നെ നല്ലമാർഗത്തിൽ മോശമായി ചരിക്കുന്നവനും മലീമസമായവനും കുടിലമാർഗത്തോടു കൂടിയവനുമായ ആ സർപ്പം കുണ്ഡലങ്ങളോടു കൂടിയവനും, മണിയോടു കൂടിയ ഫണത്തോടു കൂടി ശോഭിക്കുന്നവനും സർപ്പരാജനും വലിയ ശരീരത്തോടു കൂടിയവനും ആണ്. സൗഭാഗ്യം എന്തെന്നാൽ അവരും ആ പരമേശ്വരന്റെ ശരണാഗതിരൂപമായ മഹാകൽപവൃക്ഷത്തിന്റെ ഫലമാണ് എന്നതാണ്.

മറ്റൊരു അർത്ഥം ഏതൊരു മനുഷ്യനാണോ സ്വഭാവത്തിൽ തന്നെ

അസന്മാർഗിയും മലിനമായ മനസ്സോടു കൂടിയവനും ന്യായത്തിൽ ചരിക്കാത്തവനും ആയിട്ടും കാതുകളിൽ ദിവ്യകുണ്ഡലങ്ങളെ ധരിച്ചും കിരീടം ധരിച്ചും രമണീയമായ വസ്തുക്കളെ ഉപയോഗിച്ചുകൊണ്ട് ജീവിക്കുന്നത്, ആ സർവ മഹിമയും ശങ്കരന്റെ ശരണാഗതിരൂപമായ കൽപവൃക്ഷത്തിന്റെ ഫലമാണ് എന്നതാണ്.

സ്തുതി- 18

**യദപ്യജസ്രം ജഡസങ്ഗമോചിതഃ സ്വഭാവതുച്ഛഃ ശശഭൃത് കലാമയഃ**

**കളങ്കമുക്തം വഹതേ സുധാമയം വിധൂതദോഷോദയമുജ്ജ്വലം വപുഃ**

സ്തുതി- 19

**സ ഏഷ ഗൗരീശ്വരസംശ്രയാത്മനഃ ഫലോദ്ഗമഃ കൽപമഹാമഹീരുഹഃ**

**അമും സമാസാദയിതും ഹിതായതിർയതേത കോ നാമ ന**

**ചേതനോജനഃ**

**അർത്ഥം**- എല്ലായ്പ്പോഴും ജലസംഗമത്തിൽ തത്പരനും ഏകമായ കലയെ ധരിച്ചിരിക്കുന്നവും അതുകൊണ്ടു തന്നെ സ്വഭാവത്തിൽ നിസ്സാരമായവനുമായ ചന്ദ്രൻ സ്വന്തം ദോഷത്തെ (രാത്രിയിൽ ഉദിക്കുന്നതുകൊണ്ടുണ്ടായ ദോഷം) ഇല്ലാതാക്കികൊണ്ട്, (അതായത് ചന്ദ്രൻ രാത്രിയിൽ ഉദിക്കുന്നതുകൊണ്ടുണ്ടായ ദോഷം ശ്രീശങ്കരന്റെ ശിരസ്സിൽ സദാ പ്രാകാശിച്ചുകൊണ്ട് ദോഷങ്ങളെ ഇല്ലാതാക്കുന്നു) നിഷ്കളങ്കമായി അമൃതമയമായി ഉജ്ജ്വലസ്വരൂപത്തെ ധരിച്ചിരിക്കുന്നു, അത് ശ്രീസദാശിവന്റെ ശരണാഗതിരൂപമായ മഹാകൽപവൃക്ഷത്തിന്റെ ശ്രേഷ്ഠഫലമാണ്. അഥവാ ഏതൊരു മനുഷ്യനാണോ എല്ലായ്പ്പോഴും വിഡ്ഢികളുടെ കൂടെ ചരിക്കുന്നത്, ശിൽപകലാജീവിയും സ്വഭാവത്തിൽ തന്നെ നീചപ്രകൃതിയോടുകൂടിയിട്ടും ദോഷരഹിതനായും കളങ്കരഹിതനായും അമൃതിനു സമാനമായതും നിർമലമായമായ ദിവ്യശരീരത്തെ ധരിച്ചിരിക്കുന്നത്, ആ എല്ലാ മഹിമയും ആ കരുണാസിന്ധുവായ ശങ്കരന്റെ ശരണാഗതിരൂപമായ കൽപവൃക്ഷത്തിന്റെ ഫലമാണ്.

സ്തുതി- 20

**നിദാഘനിർദഗ്ധമഹാമരുഭ്രമൽകമച്ഛിദോ മാർഗമഹീരുഹാദപി**

**കലിന്ദകന്യാസലിലൗഘസങ്ഗതത്രിമാർഗഗാംഭോഭരസംപ്ലവാദപി**

സ്തുതി- 21

**സരസ്വതീസൗഭഗസാരസംഭൃതപ്രസന്നഗംഭീരപദക്രമാദപി**

**കുരങ്ഗനാഭീഘനകുങ്കുമാങ്കിതസ്തനാങ്ഗനാലിങ്ഗനവിഭ്രമാദപി**

സ്തുതി- 22

**അമന്ദമാനന്ദസുധാരസദ്രവം സ്രവന്നവന്ധ്യം ഭവദുഃഖിതേ ഹൃദി**

**ഇയത്യമുഷ്മിൻഭുവനാധ്വനി ധ്വനിർനമഃ ശിവായേതി ചമത്കരോതി മേ**

**അർത്ഥം**- ഈ സംസാരരൂപിയായ വനമാർഗത്തിൽ സാംസാരിക ദുഃഖത്തിൽ വിഷമിച്ചിരുക്കുന്ന എന്റെ ഹൃദയത്തിൽ നമഃശിവായ എന്ന ഒരു ശബ്ദം മാത്രമേയുള്ളൂ. അർത്ഥം എന്തെന്നാൽ ഗ്രീഷ്മകാലഋതുവിലെ തീവ്രമായ ചൂടിൽ തപിച്ചിരിക്കുന്ന മരുഭൂമിയിൽ അലഞ്ഞുതിരിയുന്ന പ്രാണികളുടെ ദുഃഖത്തിനു ശാന്തിയെ നൽകുന്ന തണൽമരത്തേക്കാൾ കോടി അധികം ഗുണവും, യമുനാ ജലത്തിന്റെ പ്രവാഹത്തിൽ മിശ്രിതമായ ഗംഗാജലത്തിന്റെ ശീതളമായ പ്രവാഹത്തിൽ മുങ്ങുന്നതിനേക്കാൽ കോടി അധികം ഗുണവും, സരസ്വതിയുടെ സുമനോഹരങ്ങളായ സൂക്തിസുധയാൽ നിറഞ്ഞിരിക്കുന്നതും ഗുണപ്രദങ്ങളായ ഗംഭീരപദങ്ങളേക്കാൾ കോടി അധികം ഗുണവും, അതുപോലെ ലോകത്തിലെ ഏറ്റവും അധികം സുഗന്ധമുള്ള കസ്തൂരിയേക്കാളും പൂവിനു സമാനമായ സ്തനങ്ങളോടുകൂടിയ പെൺകുട്ടിയുടെ ഗാഢമായ ആലിംഗനത്തേക്കാളും കോടി അധികം ഗുണവും ഉള്ളതായ ഈ പരമാനന്ദസുധകളാൽ ഉണ്ടാകുന്ന രസത്തെ പ്രവഹിപ്പിക്കുന്ന എന്റെ മനസ്സ് സന്തോഷത്തെ ഉണ്ടാക്കിക്കൊണ്ടിരിക്കുന്നു.

സ്തുതി- 23

**വിചിന്തയഞ്ജീവനമേവ ജീവനം സമർഥയൻ പാർഥിവമേവ പാർഥിവം**

**വിഭാവയൻ വൈഭവമേവ വൈ ഭവം കദാശ്രയേ ശങ്കരമേവ ശങ്കരം**

**അർത്ഥം**- ആഹാ, ഞാൻ കേവലം ഏകമാതത്രമായ ജലത്തെ എന്റെ ജീവന്റെ സാധനയായി കണക്കാക്കുന്നു, അർത്ഥമാക്കുന്നത് കേവലം ഗംഗാജലമാണ് എന്റെ ശരീരം മുഴുവൻ എന്ന ദൃഢനിശ്ചയത്തെ ഉൾക്കൊള്ളുന്നു, മണ്ണുകൊണ്ടുള്ള രാജാവിനെപ്പോലും ഞാൻ വികാരമുള്ളതായി മനസ്സിലാക്കുന്നു, ഈ ലോകത്തിൽ കുറച്ചു ദിവസം മാത്രം നിലകൊള്ളുന്ന, അതായത് അതെല്ലാം വളരെ നിസ്സാരമാണെന്ന് മനസ്സിലാക്കിയ എനിക്ക് ആ ശങ്കരന്റെ ആശ്രയം എപ്പോഴാണ് എന്നെ ഗ്രഹിക്കുന്നത്?

അഥവാ ഞാൻ എന്റെ പ്രഭുസംബന്ധിയായ ഗംഗാജലത്തെ എന്റെ ജീവനായി കണക്കാക്കുന്നു. മണ്ണുകൊണ്ട് ഉണ്ടാക്കിയ ശിവലിംഗത്തെ രാജാവായി ഞാൻ കണക്കാക്കുന്നു, അതായത് മണ്ണുകൊണ്ടുണ്ടാക്കിയ ശിവലിംഗത്തെ ആരാധിക്കുക വഴി എന്റെ എല്ലാ ആഗ്രഹങ്ങളും സിദ്ധിക്കുന്നു. എല്ലാം ശിവമയമെന്ന് ഞാൻ മനസ്സിലാക്കുന്നു. അങ്ങനെയുള്ള എനിക്ക് ഭഗവാൻ സദാശിവന്റെ ചരണങ്ങളിൽ എപ്പോഴാണ് ആശ്രയം ഉണ്ടാകുക?

സ്തുതി- 24

**വരം ഭവേദപ്യവരം കളേവരം പരം ഹരാരാധനസാധനം ഹി യത്**

**ന തു ക്രതിധ്വംസിനിഷേവണോത്സവം വിനിഘ്നതീ**

**മുക്തിരയുക്തിപാതിനീ**

**അർത്ഥം**- നിശ്ചയമെന്തെന്നാൽ എന്താണോ കേവലം ഏകമായ ഈശ്വരന്റെ ആരാധനക്കുള്ള സാധനസാമഗ്രികൾ, അവ ശ്രേഷ്ഠമല്ലെങ്കിൽ പോലും അവ ആരാധനയ്ക്കായതിനാൽ ശ്രേഷ്ഠമാകുന്നു. എന്നാൽ ഭഗവാന്റെ ആരാധനാരൂപമായ മഹോത്സവത്തെ തടസ്സപ്പെടുത്തുന്നതും, ഭഗവാന്റെ അനുഗ്രഹത്താൽ ആകസ്മികമായി ഉണ്ടാകുന്ന മുക്തിയും ശ്രേഷ്ഠമല്ല.

സ്തുതി- 25

**ക്വ നീലകണ്ഠായതനോപസർപണസ്ഫുടോപകാരൗ ചരണൗ**

**മഹാഗുണൗ**

**ക്വ ചാഞ്ജനോദ്വർതനചർചനാദിഭിഃ പുരാരിപൂജാർപണതർപണൗ കരൗ**

സ്തുതി- 26

**ക്വ നാമ നാമഗ്രഹണോത്സവം വിഭോരഭി പ്രവൃത്താ രസനാ ദിനേ ദിനേ**

**ക്വ ചാദ്രിപുത്രീപതിപാദപങ്കജസ്ഫുരദ്രജോരാജിവിരാജിതം ശിരഃ**

സ്തുതി- 27

**ക്വ ദൃക്ചിരം പാരിതചന്ദ്രശേഖരസ്വരൂപസൗഭാഗ്യവിലോകനസ്പൃഹാ**

**ക്വ സന്തതാകർണിതദർപകദ്വിഷദ്വിചിത്രചാരിത്രപവിത്രിതാ ശ്രുതിഃ**

സ്തുതി- 28

**ക്വ നിർധുതാനൽപവികൽപവിപ്ലവത്രിലോചനധ്യാനനിബന്ധനം മനഃ**

**ക്വ ചാപവർഗോയമമാർഗ ഏവ യഃ സ്മരാരിസേവാസുഖസർവസംപദാം**

സ്തുതി- 29

**ഇദം വിദന്തഃ സുധിയോ ഭിയോജ്ഝിതാഃ സമാധിമാധിച്ഛിദമാശ്രിത**

**അപി**

**പ്രഭുപ്രണാമസ്തുതിചിന്തനാർചനസ്ഫുടോപയോഗം ബഹു മന്വതേ വപുഃ**

**അർത്ഥം**- ഭഗവാൻ സദാശിവന്റെ ക്ഷേത്രങ്ങളിൽ പോയി സ്വന്തം കൃതാർഥത പ്രകടമാക്കുന്ന ഭക്തജനങ്ങളുടെ സർവഗുണങ്ങളുടേയും നിധാനമായ പാദങ്ങൾ എവിടെയാണ്? ശ്രീശിവന്റെ ബിംബത്തിൽ അഞ്ജനം, ചന്ദനം, കുങ്കുമം, കർപ്പൂരം തുടങ്ങിയ സുഗന്ധ പദാർത്ഥങ്ങളെ ലേപനം ചെ

യ്യുന്ന സദാശിവന്റെ പൂജയിൽ തത്പരങ്ങളായ കൈകൾ എവിടെയാണ്? എല്ലാദിവസവും ഭഗവാന്റെ പവിത്രങ്ങളായ നാമോച്ചാരണം ചെയ്യുന്ന ഭക്തരുടെ നാക്ക് എവിടെയാണ്? ഗിരിജാപതിയുടെ ചരണാരവിന്ദത്തിലെ പവിത്രമായ പൊടികൾ വിരാജിക്കുന്ന ഭക്തരുടെ ശിരസ്സ് എവിടെയാണ്? നിർമിതങ്ങളായ പ്രതിമകളിൽ ഭഗവാന്റെ ദിവ്യമായ മംഗളമയമായ സ്വരൂപത്തിന്റെ സൗന്ദര്യത്തെ അവലോകനം ചെയ്യുന്ന തീക്ഷ്ണമായ അഭിലാഷങ്ങളോടു കൂടിയ കണ്ണുകൾ എവിടെയാണ്? ക്ഷണനേരത്താൽ കാമദേവനെ വധിച്ച ഭഗവാന്റെ വിചിത്രങ്ങളായ ചരിത്രങ്ങളെ കേൾക്കുന്ന പവിത്രങ്ങളായ കാതുകൾ എവിടെയാണ്? അനന്തങ്ങളായ ചിന്തകളുടെ ഉപദ്രവങ്ങളെ ത്യജിച്ചുകൊണ്ട് കേവലം പരമശിവനെ ധ്യാനിച്ചുകൊണ്ടിരിക്കുന്ന മനസ്സ് എവിടെയാണ്? ശങ്കരനെ സേവിച്ചതിനാൽ പ്രാപ്തമായ അലൗകികവും ആനന്ദരൂപവുമായ മോക്ഷം എവിടെയാണ്? ഈ ഭക്തിസിദ്ധാന്തത്തിന്റെ മർമത്തെ മനസ്സിലാക്കുന്ന രസികരായ മനുഷ്യർ നിർഭയരായി ജന്മ-മരണാദി ദുഃഖപരമ്പരകളെ സമൂലമായി ഇല്ലാതാക്കി സമാധിയിലിരുന്നുകൊണ്ട് ഏകമാത്രമായ പ്രഭുവിനെ പ്രണാമം, സ്തുതി, ധ്യാനം, പൂജ എന്നിവകളെ ചെയ്യുന്ന സ്വന്തം ശരീരത്തെ അവർ ഉത്തമമായി മനസ്സിലാക്കുന്നു. സാരാംശം എന്നത് ഭക്തർക്ക് മുക്തിയെ അപേക്ഷിച്ച് ഭക്തിയിൽ അധികമായ ആനന്ദത്തെ കണ്ടെത്തുന്നു, അതുകൊണ്ട് അവർ ഭഗവദ്ഭക്തിയിൽ മുക്തി വിഘ്നമായി കണക്കാക്കുന്നു.

സ്തുതി- 30

**കിമങ്ഗ മങ്ഗല്യമനങ്ഗഭങ്ഗദപ്രസാദനാദന്യദധന്യ മന്യസേ**

**യദർഥമർഥക്ഷതികൃത്സുദുഷ്കരപ്രയാസസാധ്യേഷു മഖേഷു ഖിധ്യസേ**

**അർത്ഥം**- അല്ലയോ അഭാഗ്യന്മാരായ മാനവരേ, നിങ്ങൾ കാമദേവനെ വധിച്ച ശങ്കരന്റെ പ്രസന്നതയല്ലാതെ മറ്റൊരു മംഗളപ്രദമായ (സംസാരസാഗരത്തെ മറികടക്കുവാൻ സഹായിക്കുന്ന) വസ്തുവിനെ എന്താണ് മനസ്സിലാക്കിയിരിക്കുന്നത്? അങ്ങനെയുള്ള ധനക്ഷയത്തെ നൽകുന്ന അതികഠിനമായ പ്രയത്നത്താൽ സാധ്യമാകേണ്ട യാഗങ്ങൾ ദുഃഖമുണ്ടാക്കുമോ? അർത്ഥമാക്കുന്നത്, അത്യന്തം ബുദ്ധിമുട്ടേറിയ യാഗങ്ങൾ ചെയ്യുക വഴി ഉണ്ടായ ഫലം, ആ ഭഗവാൻ ശങ്കരന്റെ പ്രസന്നതയാൽ സഹജമായി പ്രാപ്തമാകുന്നു.

സ്തുതി- 31

**ഇമാ ഹിമാനീവിമലാ ഹവിർഭുജാം പ്രഭുപ്രസാദപ്രഭവാ വിഭൂതയഃ**

**കരോഷി യത്തർപണമാത്രകാമ്യയാ ദയാസ്പദപ്രാണ്യപഘാതപാതകം**

**അർത്ഥം**- അല്ലയോ ധന്യരല്ലാത്തവരേ, നിങ്ങൾ ഏതൊരു ദേവതയെ

പ്രീതിപ്പെടുത്തുന്നതിനു വേണ്ടിയിട്ടാണോ നിരപരാധികളായ ജീവികളെ ഹിംസിച്ച് പാതകന്മാരാകുന്നത്, ആ ദേവതകൾക്ക് ഹിമാലയത്തിനു സമാനമായ നിർമലതയും അണിമാദി അഷ്ടസിദ്ധികളും ഈ പരമേശ്വരന്റെ അനുഗ്രഹത്താലാണ് പ്രാപ്തമാകുന്നത്. അർത്ഥമാക്കുന്നത്, ഏതൊരു പ്രഭുവിന്റെ കുറച്ച് അനുഗ്രഹം കൊണ്ടാണോ മറ്റ് ദേവതകൾക്ക് സിദ്ധികളെ പ്രാപ്തമാകുന്നത്, ആ അനുഗ്രഹം കൊടുക്കുന്ന കരുണാമയനായ ശിവനെ എന്തുകൊണ്ട് ആരാധിക്കുന്നില്ല?

സ്തുതി- 32

**സഖേ സഖേദസ്യ ധനാർജനം പ്രതി പ്രതിഗ്രഹാധ്യാപനയാജനാദിഭിഃ**

**പ്രയാതി തേ വായുരിവായുരിങ്കിതം വിഹന്തി ഹന്ത ക്രതവേ തവേഹിതം**

**അർത്ഥം**- അല്ലയോ കൂട്ടുകാരാ, ദാനങ്ങൾ സ്വീകരിക്കുക, അധ്യാപനം, യാഗങ്ങൾ ഇത്യാദികളാൽ ധനാർജനത്തിനായി കഠോര ശ്രമങ്ങൾ ചെയ്ത് ചെയ്ത് നിങ്ങളുടെ ആയുസ്സ് എല്ലാ നിമിഷവും വായുവിനു സമാനമായി പോയിക്കൊണ്ടിരിക്കുകയാണ്. ദുഃഖം എന്തെന്നാൽ യജ്ഞാദികളായ കാമിക കർമങ്ങൾക്ക് വേണ്ടി നിങ്ങൾ എന്തൊക്കെ ചേഷ്ടകളാണോ ചെയ്യുന്നത്, അവ എല്ലാം നിങ്ങളുടെ ഈശ്വരാരാധനാരൂപമായ ആഗ്രഹങ്ങളെ ഇല്ലാതാക്കിക്കൊണ്ടിരിക്കുന്നു.

(തുടരും)

# കുട്ടികളുടെ വാല്മീകിരാമായണം 36



**ഉണ്ണികൃഷ്ണൻ കിഴുത്താണി** **ഫോൺ : 0480 2832108**

**(ലോകത്തിലെ എല്ലാ കുട്ടികളുടേയും മാനസികാരോഗ്യത്തിനും മൂല്യബോധസംരക്ഷണത്തിനുമായി സമർപ്പിയ്ക്കുന്നു.)**

(കഴിഞ്ഞ ലക്കം തുടർച്ച)

പ്രിയശാംഭവി കൂട്ടുകാരേ, രാക്ഷസമായയാൽ, ചതിയിലകപ്പെട്ട പ്രിയപത്നി നഷ്ടമായ മര്യാദാപുരുഷോത്തമൻ ശ്രീരാമചന്ദ്രന്റെ അവസ്ഥയെന്താണെന്ന് നോക്കാം നമുക്ക്. സീതയെ രാവണൻ തട്ടിക്കൊണ്ടുപോയെന്ന ദാരുണവാർത്ത സഹോദരനിൽനിന്ന് കേട്ടപ്പോൾ തന്നെ ശ്രീരാമൻ ബോധരഹിതനായി. അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം സീതയെ നഷ്ടപ്പെടുക എന്തിന് അല്പസമയംപോലും പിരിഞ്ഞിരിക്കുക എന്നതുതന്നെ അസഹ്യമായിരുന്നു. ഉടൽ രണ്ടാണെങ്കിലും, ഏകാത്മാവായി ജീവിച്ചവരാണവർ.

ഭാര്യാഭർത്തൃബന്ധത്തിന്റെ മഹനീയ മാതൃകയായിട്ടാണ് മഹാനായ വാത്മീകി സീതാരാമന്മാരെ വാർത്തെടുത്തിരിക്കുന്നത്. ഏറെ സമയത്തെ ലക്ഷ്മണോപദേശത്തെത്തുടർന്ന് ശ്രീരാമൻ പൂർവ്വാവസ്ഥയിലേയ്ക്കെത്തി. അനന്തരകാര്യങ്ങളെക്കുറിച്ച് ചിന്തിയ്ക്കാനാരംഭിച്ചു. തുടർന്ന് ഘോരവനത്തിലേയ്ക്കുള്ള യാത്രയ്ക്കിടയിൽ അവരിരുവരും പക്ഷിശ്രേഷ്ഠനും പർവ്വതാകാരനുമായ ജടായുവിനെ കണ്ടെത്തി, ദീനദീനാ വിലപിച്ച്, ആസന്നമരണാവസ്ഥയിലെത്തിയ ഭക്തശിരോമണിയായ ജടായു രാവണന്റെ സീതാപഹരണവും, അജയ്യനായ തന്റെ ചെറുത്തുനില്പുപോലും മറികടന്ന്, തന്റെ ചിറകെല്ലാം വെട്ടിമാറ്റി രാവണൻ പുഷ്പകവിമാനത്തിൽ കയറ്റിക്കൊണ്ടുപോയതെല്ലാം വിശദമായി ധരിപ്പിച്ചു. അധികം താമസിയാതെ ആ പക്ഷിരാജാവ് സ്വർഗ്ഗസ്ഥനാവുകയും ചെയ്തു. വിശ്രവസ്സിന്റെ പുത്രനായ, വൈശ്രവണന്റെ സഹോദരനും തന്റെ പിതാവ് ദശരഥമഹാരാജാവിന്റെ ആത്മസുഹൃത്തുമായ ജടായുവിന്റെ ആത്മത്യാഗം ശ്രീരാമലക്ഷ്മണന്മാരെ ഏറെ ദുഃഖത്തിലാഴ്ത്തി. അന്ത്യകർമ്മങ്ങളെല്ലാം ഉചിതമായി നിറവേറ്റിയശേഷം സീതാന്വേഷണാർത്ഥം അവർ പടിഞ്ഞാറോട്ട് യാത്രതുടർന്നു. വഴിമദ്ധ്യേ വഴിമുടക്കിയെത്തിയ ഭീകരരൂപികളായ, 'അയോമുഖി' എന്ന രാക്ഷസിയേയും, 'കബന്ധ'നെന്ന അസുരനേയും കാലപുരിയ്ക്കയയ്ക്കേണ്ടിയും വന്നു. തുടർന്ന് ധർമ്മസംസ്ഥാപനാർത്ഥം അവതാരമാഹാത്മ്യം അരങ്ങുതകർക്കാൻ ആരംഭിയ്ക്കുകയാണ്. മഹാപരാക്രമിയും, ദീർഘായുസ്സിനുടമയും, അഗാധജ്ഞാനിയും, തേജോമയനുമായിരുന്ന കബന്ധൻ, അഹങ്കാരവും, ധാർഷ്ട്യവും അടക്കാനാവാതെ മഹാമുനിമാരേയും, സജ്ജനങ്ങളേയും സദാ ആക്രമിയ്ക്കുമായിരുന്നു. ഒരു ദിവസം അയാൾ അതിഭീകരമായരൂപമെടുത്ത് സാത്വികരിൽ അതിസാത്വികനായ സ്ഥൂലശിരസ്സ് എന്ന മഹർഷിയെ അതിക്രൂരമായി ആക്രമിച്ചു. നിരുപദ്രവികളായവരെ ദ്രോഹിയ്ക്കാനെടുത്ത ഈ രൂപം നിനക്ക് സ്ഥിരമായി ഭവിയ്ക്കട്ടെ എന്നദ്ദേഹം ഉഗ്രശാപം നൽകി. ശാപമോക്ഷത്തിനായി താണുവീണുകേണപേക്ഷിച്ചപ്പോൾ സീതാന്വേഷണാർത്ഥം വനത്തിൽ എത്തിച്ചേരുന്ന ശ്രീരാമബാണത്താൽ കൈകൾ ഛേദിയ്ക്കപ്പെട്ടദേഹം, ആ ദേഹം ദഹിച്ചാലുടൻ സ്വരൂപം കൈവരുമെന്ന് മുനി ശാപമോക്ഷവും നൽകി. നഷ്ടചൈതന്യം വീണ്ടെടുക്കാൻ കഴിഞ്ഞാൽ അതിന്റെ സഹായത്താൽ സീതയെ കണ്ടെത്താനുള്ള വഴികൾ തെളിഞ്ഞുവരുമെന്ന് കബന്ധൻ ഉറപ്പുനൽകി.

ഇന്ദ്രപുത്രനും, ജ്യേഷ്ഠസഹോദരുമായ 'ബാലി'യാൽ സദാ ആക്രമിയ്ക്കപ്പെട്ടുകൊണ്ടിരിക്കുന്ന അവസ്ഥയുള്ള സുഗ്രീവൻ എന്ന, വാനരശ്രേഷ്ഠൻ പമ്പാതീരത്തെ ഋഷ്യമൂകമെന്ന പർവ്വതത്തിൽ ഉണ്ട്. അദ്ദേഹം മഹാനായ വാനരരാജാവായിരുന്നു. ധീരനും, ബുദ്ധിമാനും, വിനീതനും, സത്യസന്ധനും, പരാക്രമിയുമായ ഇപ്പറഞ്ഞ സുഗ്രീവനുമായി ഉടൻ സഖ്യത്തിൽ ഏർപ്പെടണ

മെന്നായിരുന്നു കബന്ധൻ ആദ്യമായി അഭിപ്രായപ്പെട്ടത്. മഹാബലവാനായ ബാലിയുമായുള്ള തെറ്റിദ്ധാരണമൂലം സകലതും നഷ്ടപ്പെട്ട്, ബാലി പ്രവേശിക്കാത്ത ഇവിടെ കഴിഞ്ഞുകൂടുന്ന അദ്ദേഹത്തിന് അർഹമായ രാജ്യം തിരിച്ചെടുക്കാൻ സഹായിക്കുകയാണെങ്കിൽ സീതാന്വേഷണം നടത്തി, കണ്ടെത്തിത്തരണമെന്ന ഉടമ്പടിയാണ് നടത്തേണ്ടതെന്നും കബന്ധൻ നിർദ്ദേശിച്ചു. സർവ്വചരാചരങ്ങളുടേയും മനസ്ഥിതി നമസ്സിലാക്കാനുള്ള അസാധാരണ സാമർത്ഥ്യം സുഗ്രീവനുണ്ടെന്നും കാട്, മേട്, പർവ്വത, ജലാശയങ്ങൾ, അങ്ങേയറ്റം പാതാളത്തിൽ ഒളിപ്പിച്ചാലും അതിവിദഗ്ധരായ വാനരർ, സംഘബലംകൊണ്ടും, ദീർഘവീക്ഷണം വഴിയായും കണ്ടെത്തിപ്പിടിച്ചുതരാനുള്ള കഴിവുള്ളവരാണെന്നും വർദ്ധിതവീര്യംകൊണ്ട് ഉത്തേജിതനായ കബന്ധൻ സാക്ഷ്യപത്രം നൽകി. കബന്ധന്റെ ഈ വാക്കുകൾ ശ്രീരാമനെ കൂടുതൽ കർത്തവ്യബോധത്തോടെ പ്രതിസന്ധികളെ അതിജീവിക്കാനുള്ള പ്രേരണനൽകി.

(തുടരും)

# താന്ത്രികവൈഷ്ണവദർശനം

**ഡോ. ദാമോദർ നാരായണൻ സി.എൻ.**

(കഴിഞ്ഞ ലക്കം തുടർച്ച)

**പാഞ്ചരാത്രം**

വൈഖാനസസമ്പ്രദായത്തെ അപേക്ഷിച്ച് കൂടുതൽ താന്ത്രികമായ ഒരു സമ്പ്രദായമാണ് പാഞ്ചരാത്രം. ബീജമന്ത്രങ്ങളുടെ പ്രയോഗങ്ങളും ഷട്കർമ്മങ്ങളുമെല്ലാം ഈ സമ്പ്രദായത്തിലെ ഗ്രന്ഥങ്ങളിൽ പരാമർശിച്ചിരിക്കുന്നു. വൈഖാനസഗ്രന്ഥങ്ങളെപ്പോലെ ഭഗവാൻ നാരായണനിൽ നിന്നും തന്നെ ഉദ്ഭവിച്ചവയാണ് ഇവയെന്നു ശാസ്ത്രവചനം. ഇതിന് ഏകായനം എന്നും പേരുണ്ട്.

പാഞ്ചരാത്രസ്യ കൃത്സ്നസ്യ വക്താ നാരായണഃ സ്വയം
ഇതി സർവ്വത്ര വിഖ്യാതം ഭഗവച്ഛാസ്ത്രഗൌരവം.

(മുഴുവൻ പാഞ്ചരാത്രശാസ്ത്രത്തിന്റെയും വക്താവ് സാക്ഷാൽ ഭഗവാൻ നാരായണനാകുന്നു. എന്നിങ്ങനെയുള്ള പ്രശസ്തമായ വാക്യം ഭഗവാനെക്കുറിച്ചുള്ള ശാസ്ത്രത്തിന്റെ ഗൌരവം വിളിച്ചോതുന്നു ജയാഖ്യസംഹിതാ- അധികപാഠം-1)

എന്ന പ്രമാണപ്രകാരം ഭഗവാൻ നാരായണനാൽ വെളിപ്പെടുത്തപ്പെട്ടതാണീ ശാസ്ത്രം. പഞ്ചരാത്രം പാഞ്ചരാത്രം എന്നിങ്ങനെ ഇത് ഗ്രന്ഥങ്ങളിൽ

പരാമർശിക്കപ്പെടുന്നു. പാഞ്ചരാത്ര (പഞ്ചരാത്ര) ശബ്ദത്തെക്കുറിച്ച് പല നിർവ്വചനങ്ങളും കാണാൻ സാധിക്കും. ചില നിർവ്വചനങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

ഭഗവാൻ നാരായണനാൽ അഞ്ചു ദിനരാത്രങ്ങളിലായി ശാണ്ഡില്യൻ, ഔപഗായനൻ, മൌഞ്ജായനൻ, കൌശികൻ, ഭാരദ്വാജൻ എന്നീ മഹർഷിമാർക്ക് ഉപദേശിക്കപ്പെട്ട ജ്ഞാനമാണ് പാഞ്ചരാത്രം.

രാത്രശബ്ദത്തിന് ജ്ഞാനമെന്നർത്ഥമുണ്ട്. തപം പുണ്ഡ്രം നാമം മന്ത്രം യാഗം എന്നീ വൈഷ്ണവങ്ങളായ അഞ്ചു വിഷയങ്ങളെക്കുറിച്ചുള്ള ജ്ഞാനമാകുന്നു പാഞ്ചരാത്രം.

വൈഷ്ണവദർശനമെന്നാൽ പരാ വ്യൂഹം വിഭവം അർച്ചാ അന്തര്യാമി എന്നീ അഞ്ചു വിഷയങ്ങളെക്കുറിച്ചുള്ള ജ്ഞാനം.

ഭഗവാൻ കേശവനാൽ അഞ്ചു രാത്രികളിൽ അനന്തൻ, ബൃഹസ്പതി, വിഷ്വക്സേനൻ, ബ്രഹ്മാവ്, ശിവൻ എന്നിവർക്ക് ജ്ഞാനം ഉപദേശിച്ചു. അതിനാൽ പാഞ്ചരാത്രശബ്ദം.

പഞ്ചകാലങ്ങളിൽ വിഭജിക്കപ്പെട്ടതാണ് വൈഷ്ണവസമ്പ്രദായത്തിലെ ഒരു ദിവസം അവ അഭിഗമനം, ഉപാദാനം, ഇജ്യാ, സ്വാദ്ധ്യായം, യോഗം എന്നിങ്ങനെയാകുന്നു.

മഹാഭാരതത്തിലെ ശാന്തിപർവ്വത്തിൽ നാരായണീയം എന്ന പേരായ ഒരു ഉപവിഭാഗത്തിലാണ് ഇതിന്റെ സിദ്ധാന്തങ്ങളുടെ മൂലം കാണവാൻ കഴിയുക. പാഞ്ചരാത്രസാഹിത്യം വളരെ വിപുലവും ബൃഹത്തും ആണെങ്കിലും അതിന്റെ എല്ലാ ഗ്രന്ഥങ്ങളും ഇന്ന് ലഭ്യമല്ല. ചില ഗ്രന്ഥങ്ങൾ മാത്രം പുസ്തകരൂപത്തിൽ അച്ചടിക്കപ്പെട്ടിരിക്കുകയും ബാക്കിയെല്ലാം തന്ത്രശാസ്ത്രത്തിലെ മറ്റു ശാഖകളിലേതെന്ന പോലെ താളിയോലരൂപത്തിൽ പലയിടത്തും നിലനില്ക്കുകയും ചെയ്യുന്നു. പാഞ്ചരാത്രശാസ്ത്രത്തെക്കുറിച്ച് ആധികാരികമായി ആദ്യമായി ഇംഗ്ലീഷ് ഭാഷയിലിറങ്ങിയ പുസ്തകം ഓട്ടോ ഷ്രാഡർ (Otto Schrader) എന്ന ജർമ്മൻ പണ്ഡിതനെഴുതിയ Introduction to Pancharatra and Ahirbudhnya Samhita എന്ന പുസ്തകമാണ്. അതിൽ 210 ഓളം പ്രകാശിക്കപ്പെടാത്ത ഗ്രന്ഥങ്ങളെക്കുറിച്ചുള്ള പരാമർശമുണ്ട്. അതിനു ശേഷം ഡാനിയൽ സ്മിത്ത് (Daniel Smith) എന്ന പണ്ഡിതൻ തന്റെ A Descriptive Bibliography of the Printed texts of the Pancharatragama എന്ന പുസ്തകത്തിൽ കൂടുതൽ ഗ്രന്ഥങ്ങളുടെ വിശദാംശങ്ങൾ പറഞ്ഞിരിക്കുന്നു.

(തുടരും)

# തന്ത്രസാഹിത്യം

## (ആഗമങ്ങൾ, സംഹിതകൾ)

ഡോ. അജിതൻ പി.ഐ.

മതപരമായ ആചാരാനുഷ്ഠാനങ്ങൾക്ക് ഏറെ പ്രാധാന്യം നൽകിട്ടുള്ള ഒരു ദേശമാണ് ഭാരതം. ഈ ആചാരാനുഷ്ഠാനങ്ങളെ വൈദികം, താന്ത്രികം എന്ന രണ്ട് ശ്രേണികളിലായി വിഭജിച്ചിരിക്കുന്നതായിക്കാണാം. കൂർമ്മപുരാണം തുടങ്ങിയ ചില പുരാണങ്ങളിലും അതു പോലെ ചില വൈദികഗ്രന്ഥങ്ങളുടെ വ്യാഖ്യാനങ്ങളിലും താന്ത്രികരെ അവൈദികർ, വേദബാഹ്യർ എന്നൊക്കെ പരാമർശിച്ചുകാണാം. ഇതിൽ നിന്നും വൈദികർക്ക് സമ്മതമല്ലാത്ത ഒരു ധാരയായി തന്ത്രത്തെ വൈദികപാരമ്പര്യത്തിന്റെ വക്താക്കളിൽ ചിലർ കണ്ടിരുന്നുവെന്ന് മനസ്സിലാക്കാം. എന്നാൽ താന്ത്രികരുടെ നിലപാട് വേറൊന്നാണ്. ശൈവരെ സംബന്ധിച്ച് വേദങ്ങൾ ശിവമുഖത്തുനിന്നും ഉദ്ഭവിച്ചവയാണ്. ശിവപ്രോക്തങ്ങളാണെങ്കിലും മോക്ഷസിദ്ധിയ്ക്ക് വേദങ്ങൾ ഉതകുന്നില്ല. അതിനാൽ ശൈവർ പൊതുവേ വേദങ്ങളെ തള്ളിക്കളയുന്നില്ല പകരം ഏറ്റവും താഴ്ന്നപടിയായിട്ടാണ് കാണുന്നത്. മനുസ്മൃതിവ്യാഖ്യാതാവായ കുല്ലുകഭട്ടനാകട്ടെ ശ്രുതി രണ്ടുതരത്തിലുണ്ടെന്നും അവ വൈദികവും താന്ത്രികവുമാണെന്നാണ് രേഖപ്പെടുത്തുന്നത്. ഒരു പക്ഷേ തന്ത്രത്തെ ശ്രുതിയെന്ന വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള ആദ്യത്തേയും അവസാനത്തേയും ആചാര്യൻ കുല്ലുകഭട്ടനായിരിക്കാം. വൈദിക-താന്ത്രിക ധാരകളെ വിഭിന്നചേരിയിലുള്ളതും പരസ്പരവിരോധമുൾക്കൊള്ളുന്നതുമായ രണ്ട് പാരമ്പര്യങ്ങളായിട്ടാണ് പരക്കെ അവതരിപ്പിക്കപ്പെടുന്നതെങ്കിലും വൈദികചിന്താധാരകളുടേയും ആചാരാനുഷ്ഠാനങ്ങളുടെയും വലിയൊരു സ്വാധീനം താന്ത്രികാചാരാനുഷ്ഠനങ്ങളിലും പ്രകടമായിക്കാണാവുന്നതാണ്. എന്തുതന്നെയായാലും ഈ രണ്ട് ധാരകളുടേയും ശക്തമായ സ്വാധീനം ഭാരതത്തിലുടെലെടുത്ത സാഹിത്യകൃതികളിലും, കലകളിലും, ദർശനങ്ങളിലും എന്തിനേറെ ഭാരതീയരുടെ ജീവിതത്തിന്റെ സമസ്തമേഖലകളിലും ഇന്നും കാണാവുന്നതാണ്.

വൈദികവാങ്മയത്തിനും ആചാരങ്ങൾക്കും ഏറെ പ്രാധാന്യം അക്കാദമികതലത്തിൽ നൽകപ്പെട്ടിട്ടുണ്ടെങ്കിലും തന്ത്രത്തെ സംബന്ധിച്ച് ഈ പ്രാധാന്യം ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കകാലം വരെ നൽകപ്പെട്ടതായി കാണുന്നില്ല. ബ്രിട്ടീഷ് ഓറിയന്റലിസ്റ്റായ ആർതർ അവലോൺ എന്ന അപരനാമധേയത്തിൽ അറിയപ്പെട്ട സർ ജോൺ വുഡ്റൂഫിന്റെ (1865-1936) കൃതികൾ വ്യാപകപ്രചാരത്തിൽ വന്നതോടെയാണ് പാശ്ചാത്ത്യരുടേ

യും പൗരസ്ത്യരുടേയും ശ്രദ്ധ വാസ്തവത്തിൽ തന്ത്രത്തിലേക്ക് തിരിയുന്നത്. ഇതിനെത്തുടർന്ന് തന്ത്രസാഹിത്യത്തിലെ താളിയോലകളിൽ മാത്രമായവ ശേഷിച്ചിരുന്ന പല ഗ്രന്ഥങ്ങൾ കണ്ടെത്തപ്പെടുന്നതും വ്യാപകമായി പ്രസിദ്ധീകൃതങ്ങളാവുന്നതുമായ ഒരു കാഴ്ചയാണ് നാമിന്ന് കാണുന്നത്. ഇന്ന് തന്ത്രം ഒരു പ്രത്യേക പഠനമേഖലയാണ്. പ്രത്യേകിച്ചും പാശ്ചാത്ത്യലോകത്ത്. ഈ വിഷയത്തിൽ നാമിന്ന് ഏറെ മുന്നേറിക്കഴിഞ്ഞിരിക്കുന്നു. താന്ത്രികസാഹിത്യത്തെക്കുറിച്ച് സാമന്യാവബോധം നൽകുക എന്ന് മാത്രമാണ് ഈ ലേഖനത്തിലൂടെ ഉദ്ദേശിക്കുന്നത്.

തന്ത്രം എന്ന വാക്ക് ഇന്ന് പല അർത്ഥങ്ങളിലും ഉപയോഗിക്കുന്നുണ്ട്. കോശഗ്രന്ഥങ്ങളിൽ ഇതിന് ഒരുപാട് നിർവ്വചനങ്ങൾ കാണാമെങ്കിലും സിദ്ധാന്തവും പ്രയോഗവും അടങ്ങിയ ഒരു ഭൗതിക-ആദ്ധ്യാത്മികശാഖയെന്ന് തന്ത്രത്തെ സാമാന്യമായി നിർവ്വചിക്കാവുന്നതാണ്. മനുഷ്യന്റെ ഭൗതികമായ അസ്തിത്വത്തെയും ആവശ്യങ്ങളേയും തന്ത്രം തള്ളിക്കളയുന്നില്ല എന്നതുകൊണ്ടും ആഗ്രഹങ്ങളെ പൂർത്തീകരിക്കാനുള്ള വഴികൾ തന്ത്രത്തിലുടനീളം ചർച്ചചെയ്യുന്നുവെന്നതുകൊണ്ടും ഇത് ഭൗതികമാണ്. എന്നാൽ ഇതോടൊപ്പം തന്നെ ബോധത്തിന്റെ വിവിധതലങ്ങളെക്കുറിച്ചും അവയെ അനുഭവവേദ്യമാക്കാൻ വേണ്ട ഉപായങ്ങളെക്കുറിച്ചും തന്ത്രം ചർച്ചചെയ്യുന്നതിനാൽ ആദ്ധ്യാത്മികവുമാണ്. തന്ത്രത്തിന്റെ ഒരു പ്രത്യേകത സിദ്ധാന്തത്തെ പ്രയോഗികതലത്തിൽ അതായത് ആചാരാനുഷ്ഠാനങ്ങളിൽ സമന്വയിപ്പിക്കുന്നുവെന്നതാണ്. മറ്റൊരുതരത്തിൽ പറഞ്ഞാൽ സിദ്ധാന്തത്തിൽ നിന്ന് വേർപെട്ടൊരു പ്രയോഗവും പ്രയോഗത്തിൽ നിന്ന് വേർപെട്ടൊരു സിദ്ധാന്തവും തന്ത്രത്തിലില്ല. വാസ്തവത്തിൽ തന്ത്രം എന്നത് ഒരു സാമാന്യ സംജ്ഞയാണ്. ഇതിനകത്ത് തന്ത്രത്തിലെ ഒട്ടനേകം ബൃഹത്പാരമ്പര്യങ്ങളും (ഉദാ: ശൈവം, വൈഷ്ണവം, ശാക്തം) ലഘുപാരമ്പര്യങ്ങളും (ഉദാ: സൗരം, ഗാണപത്യം) ഉൾപ്പെടുന്നു.

വൈദികത്തിനെന്നപോലെ താന്ത്രികത്തിനും വിപുലമായ ഒരു വാമൊഴി പാരമ്പര്യവും ഗ്രന്ഥപാരമ്പര്യവുമുണ്ട്.ഇതിൽ വാമൊഴി പാരമ്പര്യം കേവലം ചെറു വിഭാഗം പ്രയോക്താക്കളിൽ മാത്രമായി ഒതുങ്ങുന്ന ഒന്നാണ്. കാരണം തന്ത്രത്തിൽ ഒരാൾ അധികാരിയാവുന്നത് ദീക്ഷ ലഭിക്കുമ്പോൾ മാത്രമാണ്. അതിന് ശേഷമാണ് അയാൾ വാസ്തവത്തിൽ ശൈവനോ, വൈഷ്ണവനോ, ശാക്തനോ ആകുന്നത്. തന്ത്രത്തിലെ വാമൊഴിപാരമ്പര്യം എന്നത് ഇപ്രകാരമുള്ള ദീക്ഷിതരുടെ ഇടയിൽ മാത്രം ഒതുങ്ങുന്നതും രഹസ്യസ്വഭാവത്തോട് കൂടിയതെന്ന് കരുതപ്പെടുന്നതുമായ ചില അറിവുകളാണ്. ഈ അറിവില്ലെങ്കിൽ തന്ത്രത്തിലെ പ്രത്യേകിച്ചും അദ്വൈതസ്വഭാവത്തോട് കൂടിയ ത്രികം, ക്രമം, കൗളം എന്നീ ധാരകളിലെ ചില നിഗൂഢമായ കാര്യങ്ങൾ മനസ്സിലാ

ക്കുവാൻ സാധിക്കുകയില്ല. ഒറ്റ നോട്ടത്തിൽ ഇതൊരു അന്ധവിശ്വാസമാണെന്ന് തോന്നാമെങ്കിലും തന്ത്രഗ്രന്ഥങ്ങളിലെ പല സൂക്ഷ്മാംശങ്ങളും ഇന്നും മനസ്സിലാക്കാൻ സാധിക്കാതെ പോകുന്നത് വാമൊഴിപാരമ്പര്യത്തിന്റെ അഭാവമാണെന്ന് പല പാശ്ചാത്ത്യ-പൗരസ്ത്യ പണ്ഡിതന്മാരും മുമ്പേ നിരീക്ഷിച്ചിട്ടുള്ളതാണ്.

ഒരർത്ഥത്തിൽ വാമൊഴിപാരമ്പര്യത്തിന്റെ തുടർച്ചയാണ് തന്ത്രത്തിലെ ലിഖിത പാരമ്പര്യം. മാത്രവുമല്ല ലിഖിതപാരമ്പര്യത്തിൽ വാമൊഴിപാരമ്പര്യത്തിന്റെ പല അംശങ്ങളും ഉൾപ്പെടുത്താറുമില്ല.

താന്ത്രികരുടെ വിശ്വാസമനുസരിച്ച് തന്ത്രത്തിലെ പല ഗ്രന്ഥങ്ങളും വെളിപ്പെട്ടുവന്നിട്ടുള്ളതാണ്. അതായത് ഇത്തരം ഗ്രന്ഥങ്ങളിൽ ഗ്രന്ഥകർത്താവിന്റെ പേരോ മറ്റ് പരാമർശങ്ങളോ കാണില്ല. പകരം ശിവപാർവ്വതിമാർ തമ്മിലുള്ള സംഭാഷണം അല്ലെങ്കിൽ പൗരാണിക ഋഷിമാർ തമ്മിലുള്ള ചോദ്യോത്തരങ്ങൾ തുടങ്ങിയരൂപങ്ങളിലാണ് വിഷയം അവതരിപ്പിക്കുന്നത്. ഇത്തരം വെളിപാട് ഗ്രന്ഥങ്ങളെ ആഗമങ്ങൾ എന്നാണ് വിളിക്കുന്നത്. ശിവൻ പാർവ്വതിയോട് പറഞ്ഞവ ആഗമങ്ങളെന്നും പാർവ്വതി ശിവനോട് പറഞ്ഞവ നിഗമങ്ങളെന്നുമാണ് സാംപ്രദായികമായിട്ടുള്ള നിലപാട്. അതുപോലെത്തന്നെ താന്ത്രികശൈവ സാഹിത്യത്തെ ആഗമങ്ങളെന്നും താന്ത്രികവൈഷ്ണവസാഹിത്യത്തെ സംഹിതകളെന്നും ശാക്തസാഹിത്യത്തെ തന്ത്രങ്ങൾ എന്നും വിളിക്കുന്നുവെന്നാണ് വേറൊരു കല്പന. ഈ വിഭജനത്തിനാണ് ഏറെ പ്രചാരം സിദ്ധിച്ചിട്ടുള്ളത്. എന്നാൽ ഇതൊന്നും തന്നെ കൃത്യമായ നിർവ്വചനങ്ങളല്ല, കാരണം തന്ത്രസാഹിത്യത്തിൽ നല്ലൊരു ശതമാനവും ഈ വർഗ്ഗീകരണത്തിൽ ഒതുങ്ങുന്നില്ല എന്നതുതന്നെ. തന്ത്രസാഹിത്യത്തെ വിഭജിക്കുമ്പോൾ പൊതുവേ ആഗമകാലഘട്ടമെന്നും ആഗമാന്തരകാലഘട്ടമെന്നുമുള്ള ഒരു വിഭജനരീതി ഇന്ന് പല പാശ്ചാത്യപൗരസ്ത്യപണ്ഡിതന്മാരും അനുവർത്തിച്ച് കാണുന്നുണ്ട്. ആഗമാനന്തരകാലഘട്ടത്തിന്റെ സവിശേഷത ഇക്കാലഘട്ടത്തിലെ ഗ്രന്ഥങ്ങളിൽ ഗ്രന്ഥകർത്താവിന്റ പേര്, ഗുരുപരമ്പര, ദേശം, കാലം എന്നീ വിവരങ്ങളും ഗ്രന്ഥകാരന്മാർ തന്നെ പരാമർശിക്കുന്നുവെന്നുള്ളതാണ്.

**ആഗമങ്ങൾ**

താന്ത്രികശൈവധാരയിൽപ്പെട്ട സാഹിത്ത്യസഞ്ചയത്തെ ആഗമങ്ങളെന്ന് വിളിക്കുന്നുവെന്ന് മുൻപ് പരാമർശിച്ചുവല്ലോ. ആഗമങ്ങളെ അതിമാർഗ്ഗം, മന്ത്രമാർഗ്ഗം എന്നിങ്ങനെ രണ്ടായിത്തിരിക്കുന്നു. അതിമാർഗ്ഗമെന്നാൽ വൈദികനിയമങ്ങളെ അതിവർത്തിക്കുന്ന വഴിയെന്നർത്ഥം. ആ വിഭാഗത്തിൽ പെടുന്നതാണ് പാശുപതം, ലകുലീശം അല്ലെങ്കിൽ കാപാലികം, സൗമ്യം എന്നിവ. ഇവയിൽ പാശുപതവിഭാഗത്തിന്റെ ഗ്രന്ഥങ്ങൾ മാത്രമേ

ഇന്ന് കിട്ടാനുള്ളൂ. പാശുപതസൂത്രം, ഹരദത്തന്റെ ഗണകാരികാ (എ. ഡി എട്ടാം നൂറ്റാണ്ട്) എന്നിവയാണവ. പാശുപതസൂത്രം കൗണ്ഡിന്യന്റെ പഞ്ചാർത്ഥഭാഷ്യം എന്ന വ്യാഖ്യാനത്തോട് കൂടിയാണ് ഇന്ന് ലഭിക്കുന്നത്. പാശുപതത്തിന്റെ വേറൊരു പേരാണ് പഞ്ചാർത്ഥസംപ്രദായം. ഇങ്ങനെ അറിയപ്പെടാൻ കാരണം പാശുപതസിദ്ധാന്തമനുസരിച്ച് അഞ്ച് പദാർത്ഥങ്ങളാണുള്ളത്. കാര്യം, കാരണം, വിധി, യോഗം, ദുഃഖാന്തം എന്നിവയാണവ. ലകുലീശവിഭാഗത്തിന്റേതായി എട്ട് പ്രമാണഗ്രന്ഥങ്ങൾ ഉണ്ടായിരുന്നതായി സൂചനകളുണ്ടെങ്കിലും അവയൊന്നും തന്നെ കണ്ടെത്തിയിട്ടില്ല.

ശിവന്റെ അഞ്ച് മുഖങ്ങളിൽ നിന്നായി (ഈശാനൻ, തത്പുരുഷൻ, അഘോരൻ, സദ്യോജാതൻ, വാമദേവൻ) ഉദ്ഭവിച്ചതാണ് മന്ത്രമാർഗ്ഗം എന്നാണ് വിശ്വാസം. ഭൂതം, വാമം, ഭൈരവം, ഗാരുഡം, സിദ്ധാന്തം, എന്നിവയാണവ. ഇവയിൽ ഭൂതം, ഗാരുഡം എന്നീ വിഭാഗത്തിൽ പെട്ട ഗ്രന്ഥങ്ങൾ ഒന്നും തന്നെ ഇന്ന് ലഭ്യമല്ല. എങ്കിലും പല പരാമർശങ്ങളിൽ നിന്നും മനസ്സിലാക്കാവുന്നത് മന്ത്രവാദം, വിഷചികിത്സ തുടങ്ങിയവയാണ് ഇതിലെ പ്രതിപാദ്യവിഷയങ്ങളെന്നാണ്. വാമതന്ത്രങ്ങളുടെ പ്രധാനപരാമർശവിഷയം സിദ്ധികൾ സ്വായത്തമാക്കുകയെന്നുള്ളതാണ്. ഈ വിഭാഗത്തിൽ പെടുന്നതാണ് വീണാശിഖാ തന്ത്രവും ദേവീതന്ത്രസദ്ഭാവസാരവും.

**സിദ്ധാന്താഗമങ്ങൾ**

സിദ്ധാന്താഗമങ്ങളെയാണ് പൊതുവേ ശൈവസിദ്ധാന്തം എന്ന് വിളിക്കുന്നത്. സിദ്ധാന്താഗമങ്ങൾ ആകെ ഇരുപത്തിയെട്ടെണ്ണമാണ്. കാമികം, യോഗജം, ചിന്ത്യം, കാരണം, അജിതം, ദീപ്തം, സൂക്ഷ്മം, സഹസ്രം, അംശുമാൻ, സുപ്രഭേദം, വിജയം, നിശ്വാസം, സ്വായംഭുവം, ആഗ്നേയം, വീരം, ഭൈരവം, മകുടം, വിമലം, ചന്ദ്രജ്ഞാനം, മുഖബിംബം, പ്രോദ്ഗീതം, ലളിതം, സന്താനം, സർവ്വോക്തം, പാരമേശ്വരം, കിരണം, വാതുലം എന്നിവയാണവ. ഇവയിൽ ആദ്യത്തെ പത്തെണ്ണത്തെ അതായത് കാമികം മുതൽ സുപ്രഭേദം വരെയുള്ളവയെ ശിവാഗമങ്ങൾ എന്ന് വിളിക്കുന്നു. ശിവാഗമങ്ങൾ ദ്വൈതപ്രധാനങ്ങളാണ്. തുടർന്നുവരുന്ന പതിനെട്ടണ്ണത്തെ രുദ്രാഗമങ്ങളെന്ന് വിളിക്കുന്നു. ഇവ ദ്വൈതാദ്വൈത പ്രധാനങ്ങളാണ്.

**ഉള്ളടക്കം**

"ത്രിപദാർത്ഥം ചതുഷ്പാദം മഹാതന്ത്രം പ്രചക്ഷതേ" എന്നാണ് ആഗമത്തിന്റെ നിർവ്വചനം. അതായത് ആഗമങ്ങൾ ചർച്ചചെയ്യുന്ന പദാർത്ഥങ്ങൾ മൂന്നെണ്ണമാണ്. പതി, പശു, പാശം എന്നിങ്ങനെയാണവ. പതിയെന്നാൽ ശിവൻ, പശു എന്നാൽ ജീവൻ. പാശമെന്നാൽ പശുവിനെ വരിഞ്ഞ് മൂടി നിൽക്കുന്ന അജ്ഞാനം. ഈ അജ്ഞാനത്താൽ ചുറ്റപ്പെട്ടാണ് ജീവൻ ശിവാ

വസ്ഥയിൽ നിന്ന് വ്യതിചലിക്കുന്നത്. ശിവസമതയാണ് മോക്ഷം. അതായത് ശിവനായിത്തീരാൻ ജീവന് സാധിക്കില്ല. പകരം ശിവതുല്യൻ ആയിത്തീരാം.

ശൈവാഗമങ്ങളിലെ ഉള്ളടക്കത്തെ പ്രധാനമായി നാല് പാദങ്ങളിലായിത്തിരിച്ചിരിക്കുന്നു. ജ്ഞാനം, യോഗം, ക്രിയ, ചര്യ എന്നിവയാണവ. ഇവയിൽ ജ്ഞാനപാദത്തിലാണ് ആഗമത്തിന്റെ ദർശനം ചർച്ചചെയ്യപ്പെടുന്നത്. അറിവിന്റെ സ്വരൂപം, പ്രമാണങ്ങൾ, അജ്ഞാനസ്വരൂപം, മുക്തിസ്വരൂപം, മുപ്പത്തിയാറ് തത്വങ്ങൾ, ഭുവനങ്ങൾ ഇവയൊക്കെയാണ് ജ്ഞാനപാദത്തിലെ പ്രതിപാദ്യവിഷയം. ക്രിയാപാദത്തിൽ വരുന്ന വിഷയങ്ങളാണ് ക്ഷേത്രനിർമ്മിതി, ക്ഷേത്രാരാധന തുടങ്ങിയവ. ചര്യാപാദത്തിൽ ദീക്ഷ, ദീക്ഷിതരുടെ ഭേദങ്ങൾ, അവരുടെ ദീക്ഷാനന്തരകർത്തവ്യങ്ങൾ (സമയാചാരം) എന്നിവ. ചര്യാപാദത്തിൽ ദീക്ഷിതനായ ഒരാൾ അനുഷ്ഠിക്കേണ്ട നിത്യ, നൈമിത്തിക, കാമ്യ, പ്രായശ്ചിത്ത കർമ്മങ്ങൾ എന്നിവ ചർച്ച ചെയ്യുന്നു. ഇവിടെ ശ്രദ്ധിക്കേണ്ടുന്ന ഒരു വസ്തുത ഇരുപത്തിയെട്ടാഗമങ്ങളിൽ മുഴുവനും ഇത്തരത്തിൽ നാല് പാദങ്ങളിലായി വിഭക്തങ്ങളല്ല എന്നുള്ളതാണ്. പലതിനും ഒന്നോ രണ്ടോ പാദങ്ങൾ മാത്രമേയുള്ളൂ. കണ്ടുകിട്ടിയതിൽ ഏറ്റവും പഴക്കമുള്ള ആഗമമായി കണക്കാക്കപ്പെട്ടിട്ടുള്ളത് നിശ്വാസമാണ്. ക്രിസ്തുവിന് അനന്തരം നാല്, അഞ്ച് നൂറ്റാണ്ടുകൾക്കിടയാലാണ് ഇത് എഴുതപ്പെട്ടതെന്ന് വിശ്വസിക്കപ്പെടുന്നു. നിശ്വാസമുഖം, നിശ്വാസമൂലം, നിശ്വാസോത്തരം, നിശ്വാസനയം, നിശ്വാസഗുഹ്യം എന്നിങ്ങനെ അഞ്ചായിട്ടാണ് ഇതിലെ വിഷയങ്ങളെ വിഭജിച്ചിരിക്കുന്നത്. സിദ്ധാന്താഗമങ്ങളിലെ പ്രധാന പ്രമേയം ക്ഷേത്രാരാധനയാണ്.

ഈ ആഗമങ്ങളിൽ പലതും വടക്കേ ഇന്ത്യയിൽ എഴുതപ്പെട്ടവയാണെന്നാണ് വിശ്വസിക്കപ്പെടുന്നത്. പന്ത്രണ്ടാം നൂറ്റാണ്ടോടെ ഇവയിൽ പലതും തെക്കേ ഇന്ത്യയിൽ പ്രബലമായെന്നും അവിടെ വച്ച് ഇവയിൽ പലതും മാറ്റി എഴുതപ്പെട്ടു എന്നുമാണ് ഡൊമിനിക് ഗുഡാളിനെപ്പോലെയുള്ള പണ്ഡിതന്മാർ വാദിക്കുന്നത്. ഇത്തരം മാറ്റി എഴുതപ്പെട്ട ആഗമങ്ങളിലാണ് വേദാന്തത്തിന്റെ പ്രഭാവം കാണാൻ സാധിക്കുന്നത്.

പ്രധാനമായ ഇരുപത്തിയെട്ട് ആഗമങ്ങളെക്കൂടാതെ ഉപാഗമങ്ങളെന്നും പദ്ധതിഗ്രന്ഥങ്ങളെന്നും ഒരു വിഭാഗം കൂടി ശൈവസിദ്ധാന്തത്തിന്റേതായിട്ടുണ്ട്. മാതംഗപാരമേശ്വരം, സ്വായംഭുവം, മൃഗേന്ദ്രം ഇവയൊക്കെ ഉപാഗമങ്ങൾക്ക് ഉദാഹരണങ്ങളാണ്. ഉപാഗമങ്ങൾക്കും മുഖ്യാഗമങ്ങളെപ്പോലെത്തന്നെ പ്രാധാന്യം നൽകപ്പെട്ടിട്ടുണ്ട്. പദ്ധതിഗ്രന്ഥങ്ങളെന്നാൽ ആഗമങ്ങളിലെ ആചാരത്തിൽ കൊണ്ടുവരേണ്ടതായ അംശങ്ങളെ ഒരിടത്ത് പ്രതിപാദിക്കുന്ന ഒരു വിഭാഗമാണ്. ശൈവക്ഷേത്രങ്ങളിലെ ആചാരങ്ങൾ മിക്കവാറും പദ്ധതിഗ്രന്ഥങ്ങൾക്കനുസൃതമായിട്ടാണ് നടത്ത

ഷെടാറുള്ളത്. അവയിൽ ബ്രഹ്മശംഭുവിന്റെ (എ. ഡി പത്താം നൂറ്റാണ്ട്) നൈമിത്തികക്രമാനുസന്ധാനപദ്ധതി, ഭോജദേവന്റെ (എ. ഡി. പതിനൊന്നാം നൂറ്റാണ്ട്) സിദ്ധാന്തസാരപദ്ധതി, സോമശംഭുവിന്റെ ( എ. ഡി പതിനൊന്നാം നൂറ്റാണ്ട്) ക്രിയാകാണ്ഡക്രമാവലി അല്ലെങ്കിൽ സോമശംഭുപദ്ധതി, അഘോരശിവന്റെ ( എ. ഡി പന്ത്രണ്ടാം നൂറ്റാണ്ട്) ക്രിയാക്രമദ്യോതികാ, ജ്ഞാനശിവന്റെ (എ. ഡി പന്ത്രണ്ടാം നൂറ്റാണ്ട്) ജ്ഞാനരത്നാവലി, ഈശാനശിവഗുരുവിന്റെ (എ. ഡി പന്ത്രണ്ടാം നൂറ്റാണ്ട്) ഈശാനശിവഗുരുദേവപദ്ധതി, വിശ്വനാഥന്റെ സിദ്ധാന്തശേഖരം എന്നിവ ഉൾപ്പെടുന്നു. പദ്ധതികാരനല്ലെങ്കിലും അഘോരശിവാചാര്യനെത്തുടർന്നുവന്ന ത്രിലോചനശിവാചാര്യൻ തന്റെ സ്വതന്ത്രകൃതികളായ സിദ്ധാന്തസാരാവലി, സിദ്ധാന്തസമുച്ചയം എന്നിവയിലൂടെ ശൈവസിദ്ധാന്തത്തെ ഒരുപാട് മുന്നോട്ടുകൊണ്ടുപോയിട്ടുണ്ട്.

ശൈവസിദ്ധാന്തത്തിൽ വ്യാഖ്യാതാക്കന്മാരുടെ ഒരു നീണ്ട പരമ്പര തന്നെയുണ്ട്. അവരിൽ ഏറ്റവും പ്രഥമസ്ഥാനീയൻ കാശ്മീരിയായിരുന്ന സദ്യോജ്യോതിസ്സ് ആണ്. അദ്ദേഹത്തിന്റെ പ്രധാനപ്പെട്ട വ്യാഖ്യാനങ്ങളായി അറിയപ്പെടുന്നവയാണ് സ്വായംഭുവസൂത്രസംഗ്രഹവൃത്തി. മൃഗേന്ദ്രവൃത്തി, മാതംഗ, സ്വായംഭുവ, കിരണ, സാർദ്ധത്രിശതീകാലോത്തരവ്യാഖ്യാനങ്ങൾ, ഭട്ടനാരായണകണ്ഠന്റെ തത്വസംഗ്രഹത്തിനുള്ള വ്യാഖ്യാനം, മോക്ഷകാരികാ, ഭോഗകാരികാ, പരാമോക്ഷനിരാസകാരികാ, നരേശ്വരപരീക്ഷാ എന്നിവ. സദ്യോജ്യോതിസ്സിനെത്തുടർന്ന് വരുന്ന പ്രസിദ്ധരായ സൈദ്ധാന്തികവ്യാഖ്യാതാക്കന്മാരാണ് ഭട്ടനാരായണകണ്ഠനും ഭട്ടവിദ്യാകണ്ഠനും. ഈ വ്യാഖ്യാതാക്കന്മാരൊക്കെത്തന്നെ ശൈവസിദ്ധാന്തത്തിന്റെ വളർച്ചയ്ക്ക് അമൂല്യമായ സംഭാവനകൾ നൽകിയവരാണ്.

തമിഴ്നാട്ടിൽ ശൈവസിദ്ധാന്തം പന്ത്രണ്ടാം നൂറ്റാണ്ടിന് മുൻപുതന്നെ പ്രചാരത്തിലുണ്ടായിരുന്നുവെന്നാണ് തെളിവുകൾ നൽകുന്ന സൂചന. ഇതിന്റെ പ്രഥമദൃഷ്ടാന്തമാണ് തിരുമൂലരുടെ തിരുമന്തിരം. തിരുമൂലർക്ക് ശേഷം ഭക്തിപ്രസ്ഥാനത്തിന്റെ പ്രചാരകരായ അപ്പർ, സുന്ദരർ, സംബന്ധർ, മാണിക്കവാചകർ തുടങ്ങിയവരും ശൈവസിദ്ധാന്തത്തെ തമിഴ്നാട്ടിൽ പ്രചരിപ്പിച്ചവരായിരുന്നു.

പന്ത്രണ്ടാം നൂറ്റാണ്ടിന് ശേഷം തമിഴ്നാട്ടിലുണ്ടായ പ്രധാനപ്പെട്ട ഒരു മാറ്റമാണ് ശൈവസിദ്ധാന്തപരങ്ങളായ ഗ്രന്ഥങ്ങൾ സംസ്കൃതമാദ്ധ്യമം വിട്ട് തമിഴിൽ എഴുതപ്പെട്ടുവെന്നുള്ളത്. ഇതിന് തുടക്കം കുറിച്ചത് വാകാചമുനിവരാണ് (എ. ഡി പന്ത്രണ്ടാം നൂറ്റാണ്ട്). അദ്ദേഹത്തിന്റെ ജ്ഞാനാമൃതമാണ് ഇത്തരത്തിലെഴുതപ്പെട്ട ആദ്യ ഗ്രന്ഥം. തുടർന്നിങ്ങോട്ട് മേയ്കണ്ടരുടെ (എ. ഡി പതിമൂന്നാം നൂറ്റാണ്ട്) ശിവജ്ഞാനബോധം (ചിവഞ്ഞാനപോതം).

ശൈവസിദ്ധാന്തത്തിന്റെ ചരിത്രത്തിൽ ആഗമാനന്തരകാലഘട്ടത്തിന് ശേഷം തമിഴ്നാട്ടിൽ ഏറ്റവും പ്രഭാവം ചെലുത്തിയ ഒന്നാണ് ശിവജ്ഞാന ബോധം. ഇതിന് എഴുതപ്പെട്ട പ്രധാനപ്പെട്ട മൂന്നു വ്യാഖ്യാനങ്ങളാണ് അരുൾ നന്ദി ശിവാചാര്യരുടെ (എ. ഡി പതിമൂന്നാം നൂറ്റാണ്ട്) ചിവഞ്ഞാനചിത്തി യാർ, ഉമാപതിയുടെ (എ. ഡി പതിനാലാം നൂറ്റാണ്ട്) ചിവപ്പിറകാചം, ചിവഞ്ഞാനചുവാമികളുടെ (എ. ഡി പതിനെട്ടാം നൂറ്റാണ്ട്) മാപാടിയം (മഹാ ഭാഷ്യം) എന്നിവ.

മേയ്കണ്ടരുടെ ശിവജ്ഞാനബോധമല്ലാതെ വേറൊരു ശിവജ്ഞാന ബോധവും പ്രചാരത്തിലുണ്ട്. അതാകട്ടെ രൗരവാഗമത്തിന്റെ ഒരു ഭാഗമാ ണെന്ന് വിശ്വസിക്കപ്പെടുന്നു. ഇത് സംസ്കൃതത്തിലാണ് എഴുതപ്പെട്ടിട്ടുള്ളത്. ഈ ശിവജ്ഞാനബോധത്തിനും ഒരുപാട് വ്യാഖ്യാനങ്ങൾ ഉണ്ടായിട്ടുണ്ട്. നിഗമ ജ്ഞാനദേശികന്റെ (എ. ഡി പതിനാറാം നൂറ്റാണ്ട്) ശിവജ്ഞാനബോധോ പന്യാസം, ശിവജ്ഞാനസിദ്ധിസ്വപക്ഷദൃഷ്ടാന്തസംഗ്രഹം, ശിവാഗ്രയോഗി യുടെ (എ. ഡി പതിനാറാം നൂറ്റാണ്ട്) ലഘുടീകാ, സംഗ്രഹഭാഷ്യം, ബൃഹത്ഭാഷ്യം, ശിവാഗ്രയോഗീന്ദ്രജ്ഞാനശിവാചാര്യരുടെ (എ. ഡി പതിനാറാം നൂറ്റാണ്ട്) ശിവജ്ഞാനബോധഭാഷ്യം, ജ്ഞാനപ്രകാശന്റെ (എ. ഡി പതിനാറ്-പതിനേഴ് നൂറ്റാണ്ടുകൾ) ശിവജ്ഞാനബോധവൃത്തി, വെള്ളി യമ്പലവാണത്തമ്പിരാന്റെ (എ. ഡി പതിനേഴാം നൂറ്റാണ്ട്) ജ്ഞാനാർണ്ണവഭാഷ്യം എന്നിവയാണവ.

തമിഴ്നാട്ടിൽ വച്ച് മാറ്റിയെഴുതപ്പെട്ടതിന്റെ ഭാഗമായി ചില സൈദ്ധാ ന്തികമായ നിലപാട് മാറ്റങ്ങളും ഈ ശൈവവിഭാഗത്തിന് സംഭവിച്ചിട്ടുണ്ട്. അതിൽ എടുത്തുപറയേണ്ടതാണ് മോക്ഷത്തെക്കുറിച്ചുള്ള നിലപാട്. പൂർവ്വ കാല സൈദ്ധാന്തിക ആഗമങ്ങളനുസരിച്ച് മോക്ഷമെന്നാൽ ജീവൻ ശിവ തുല്യനായിത്തീരുന്നതാണ് . അവിടെയും ശിവൻ വേറെ ജീവൻ വേറെ എന്നൊരു പ്രത്യേകതയുണ്ട്. എന്നാൽ പില്ക്കാലത്ത് വന്ന മാറ്റം മോക്ഷ ത്തോടെ ജീവൻ ശിവനിൽനിന്ന് ഭിന്നമല്ലാതായിത്തീരുന്നുവെന്നതാണ്.

പൂർണ്ണമായും ദ്വൈതത്തിലൂന്നിയ ശൈവസിദ്ധാന്തത്തിന്റെ പ്രഭാവം ഭാ രതത്തിലാകമാനം മദ്ധ്യകാലഘട്ടത്തിന്റെ അവസാനം വരെ വളരെ ശക്ത മായി ഉണ്ടായിരുന്നുവെന്നത് ഒരു ചരിത്രവസ്തുതയാണ്. അത്രതന്നെയില്ലെ ങ്കിലും ഇപ്പോഴുമുണ്ടെന്ന് പറഞ്ഞാലും അതിശയോക്തിയാവില്ല. കേവലം ഭാരതത്തിൽ മാത്രമല്ല ഇൻഡോനേഷ്യ, കംബോഡിയ തുടങ്ങിയ തെക്കുകിഴ ക്കൻ ഏഷ്യൻ രാജ്യങ്ങളിലും ശൈവസിദ്ധാന്തത്തിന് പ്രഭാവമുണ്ടായിരുന്നതായി ഈ ദേശങ്ങളിൽ നിന്നും ആധുനിക ഗവേഷകർ കണ്ടെത്തിയ ശിലാലിഖിതങ്ങൾ സാക്ഷ്യപ്പെടുത്തുന്നു.

**ഭൈരവതന്ത്രങ്ങൾ**

ഭൈരവതന്ത്രങ്ങളെ നാല് പീഠങ്ങളിലായിത്തിരിച്ചിരിക്കുന്നു. മന്ത്രപീഠം, വിദ്യാപീഠം, മണ്ഡലപീഠം, മുദ്രാപീഠമെന്നിങ്ങനെ. ഇവയിൽ അവസാനം പറഞ്ഞവയായ മണ്ഡലപീഠം, മുദ്രാപീഠം എന്നിവയ്ക്ക് മറ്റ് രണ്ടിനേയും അപേക്ഷിച്ച് അത്ര പ്രാധാന്യം കൊടുത്തുകാണുന്നില്ല.

**മന്ത്രപീഠം**

മന്ത്രപീഠമെന്ന പേര് വരാൻ കാരണം ഇതിൽ പുരുഷദേവതകൾക്കും പുരുഷമന്ത്രങ്ങൾക്കുമാണ് ഏറെ പ്രാധാന്യം. സ്വച്ഛന്ദഭൈരവനും അഘോരേശ്വരിയും ആണ് ഈ തന്ത്രങ്ങളിലെ പ്രധാനദേവതകൾ. ഇവിടെ അഘോരേശ്വരിക്ക് രണ്ടാം സ്ഥാനമേയുള്ളൂ. ശൈവസിദ്ധാന്തത്തിലും പുരുഷദേവതകൾക്കാണ് പ്രാധാന്യം. മന്ത്രപീഠത്തിൽ ഉൾപ്പെടുന്ന തന്ത്രങ്ങളാണ് സ്വച്ഛന്ദ, ഉന്മത്ത, അസിതാംഗ, രുരു, ചണ്ഡ, ക്രോധ, ഝംകാര, കപാലീശങ്ങൾ.

**വിദ്യാപീഠം**

വിദ്യാപീഠത്തിന്റെ പ്രത്യേകത ഇതിൽ സ്ത്രീദേവതകൾക്കും വിദ്യാമന്ത്രങ്ങൾക്കുമാണ് പുരുഷദേവതകളേക്കാളും പ്രാധാന്യമെന്നതാണ്. പുരുഷദേവതകൾക്ക് രണ്ടാം സ്ഥാനമേയുള്ളൂ. മന്ത്രപീഠത്തെയപേക്ഷിച്ച് വിദ്യാപീഠം കൂടുതൽ രഹസ്യസ്വഭാവത്തോട് കൂടിയതും സമൂഹത്തിന്റെ ചട്ടക്കൂടുകളെ മറികടക്കുന്ന ആചാരങ്ങളും വിശ്വാസങ്ങളുമടങ്ങുന്നതാണ്. മാത്രവുമല്ല വിദ്യാപീഠതന്ത്രങ്ങളുടെ ഭാഷ മറ്റവയെ അപേക്ഷിച്ച് പല രഹസ്യ സാങ്കേതിക അർത്ഥങ്ങളെക്കുറിക്കുന്നതിനാൽ കുറച്ച് ക്ലിഷ്ടവുമാണ്. വിദ്യാപീഠത്തിലെ ആരാധനകൾ മുൻസൂചിപ്പിച്ച കാപാലികസംപ്രദായത്തിൽ ഊന്നിയിട്ടുള്ളവയുമാണ്.

വിദ്യാപീഠത്തിലെ തന്ത്രങ്ങളെ യാമളതന്ത്രങ്ങളെന്നും ശക്തിതന്ത്രങ്ങളെന്നും രണ്ടായി വിഭജിച്ചിരിക്കുന്നു. യാമളമെന്നാൽ ഇവിടെയുദ്ദേശിക്കുന്നത് സ്ത്രീയും പുരുഷനും കൂടിച്ചേർന്ന അവസ്ഥ എന്നാണ്. ഇതിലെ പ്രധാനദേവതകൾ കപാലീശഭൈരവനും ഭൈരവന്റെ പങ്കാളിയായ ചണ്ഡാകാപാലിനിയുമാണ്. ഈ വിഭാഗത്തിൽ ഉൾപ്പെടുന്ന തന്ത്രഗ്രന്ഥങ്ങളാണ് പിചുമതബ്രഹ്മയാമളം, രുദ്രയാമളം, വിഷ്ണുയാമളം, സ്കന്ദയാമളം, ഉമായാമളം എന്നിവ.

**ശക്തിതന്ത്രങ്ങൾ**

ശക്തിതന്ത്രങ്ങളിൽ തീർത്തും സ്ത്രീദേവതകൾ മാത്രമേയുള്ളൂ. മാത്രവുമല്ല കാപാലികസംപ്രദായത്തിലൂന്നിയ ഈ ശാക്തധാരയിലാണ് തന്ത്രത്തിലെ ആരാധനാസംപ്രദായങ്ങൾ അതിന്റെ പാരമ്യത്തിലെത്തുന്നത്. തീർത്തും

അദ്വൈതപരവും എല്ലാ സാമൂഹികചട്ടക്കൂടുകളേയും മറികടക്കുന്നതും ഏറെ രഹസ്യസ്വഭാവത്തോട് കൂടിയതുമാണ് ഈ തന്ത്രങ്ങൾ. ഇതിലെ ദേവതകൾ യോഗിനികൾ എന്നാണ് അറിയപ്പെടുന്നത്. യോഗിനികൾ കുലജകൾ അല്ലെങ്കിൽ മാനുഷ്യകൾ എന്നും ദേവതകൾ എന്നും രണ്ട് തരമുണ്ട്. കുലജ കൾ എന്നാൽ ഒരു കൂട്ടം യോഗിനികൾ എന്നാണ് അർത്ഥം. ഇതിലാണ് സപ്തമാതൃക്കൾ അല്ലെങ്കിൽ അഷ്ടമാതൃക്കൾ, അവയടക്കമുള്ള അറുപത്തിനാല് യോഗിനികളുടെ ആരാധനകൾ വരുന്നത്. ശക്തിതന്ത്രങ്ങൾ കൗളാചാരത്തിൽ ഊന്നിയുള്ളവയാണ്.

ശക്തിതന്ത്രങ്ങളെ ദിക്കുകളുടെ നാമമനുസരിച്ച് നാലായി വിഭജിച്ചിരിക്കുന്നു. പൂർവ്വാമ്നായം, ദക്ഷിണാമ്നായം, പശ്ചിമാമ്നായം, ഉത്തരാമ്നായം എന്നിവയാണവ. ഇവയിൽ പൂർവ്വാമ്നായത്തിൽ ത്രികതന്ത്രങ്ങളും, ദക്ഷിണാമ്നായത്തിൽ ത്രിപുരാതന്ത്രങ്ങൾ അഥവാ ശ്രീവിദ്യാതന്ത്രങ്ങളും, പശ്ചിമാമ്നായത്തിൽ കുബ്ജികാതന്ത്രങ്ങളും, ഉത്തരാമ്നായത്തിൽ ക്രമതന്ത്രങ്ങളും ഉൾപ്പെടുന്നു.

**പൂർവ്വാമ്നായം**

പൂർവ്വാമ്നായത്തിലെ തന്ത്രങ്ങൾ കൗളത്രികങ്ങൾ എന്നും അറിയപ്പെടുന്നു. കാരണം മുൻപറഞ്ഞപോലെ കൗളമാണ് ശക്തിതന്ത്രങ്ങളിലെ അന്തർധാരയായി വർത്തിക്കുന്നത്. ത്രികമെന്നാൽ മൂന്നെണ്ണം കൂടിച്ചേർന്നത് എന്നർത്ഥം. പരാ, അപരാ, പരാപരാ എന്നീ ദേവതകളടങ്ങിയ സംപ്രദായമാണ് ത്രികം. ത്രികമെന്ന പേര് വരാൻ കാരണം ശിവൻ, ശക്തി, നരൻ എന്നീ മൂന്നു പദാർത്ഥങ്ങളെ പ്രധാനമായി ഈ തന്ത്രങ്ങളിൽ കാണുന്നത് കൊണ്ടാണെന്നാണ് ഒരു മതം. സിദ്ധാ, നാമക, മാലിനീ എന്നീ ആഗമങ്ങൾ പ്രധാനമായ സംപ്രദായമാണ് ഇത് എന്നതിനാലാണെന്നും ഒരു പക്ഷമുണ്ട്. സിദ്ധാ എന്നാൽ സിദ്ധയോഗേശ്വരീമതം എന്ന ഗ്രന്ഥം. നാമകം കണ്ടുകിട്ടിയിട്ടില്ല. മാലിനീയെന്നാൽ മാലിനീവിജയം. മാലിനീവിജയത്തെ അടിസ്ഥാനമാക്കിയാണ് അഭിനവഗുപ്തൻ തന്ത്രാലോകം രചിക്കുന്നത്. ഇവ മൂന്നും കൂടാതെ തന്ത്രസദ്ഭാവം, പരാത്രീശികാ അഥവാ പരാത്രിംശികാ തുടങ്ങിയവയും ത്രികത്തിലെ പ്രധാനഗ്രന്ഥങ്ങളാണ്. ത്രികമാണ് അനുത്തരം എന്ന് അറിയപ്പെടുന്നത്.

**ദക്ഷിണാമ്നായം**

ദക്ഷിണാമ്നായമാണ് ശ്രീവിദ്യാസംപ്രദായമെന്നറിയപ്പെടുന്നത്. ത്രിപുരാ അല്ലെങ്കിൽ ശ്രീവിദ്യ എന്ന ദേവത പ്രധാനമായിട്ടുള്ള ശാക്തസംപ്രദായമാണിത്. ശ്രീകുലം കാളീകുലം എന്നിങ്ങനെ ഇതിലെ ഗ്രന്ഥങ്ങളെ രണ്ടായിത്തിരിച്ചിട്ടുണ്ട്. ഇതിൽ ശ്രീകുലത്തിൽ ഉൾപ്പെടുന്ന ഗ്രന്ഥങ്ങളാണ് നിത്യാഷോഡശികാർണ്ണവം, മാതൃകാർണ്ണവം, ത്രിപുരാർണ്ണവം, തന്ത്രരാജം,

യോഗിനീഹൃദയം, കാമകലാവിലാസമെന്നിവ. കാളീകുലത്തിൽ പെടുന്നവയാണ് വാമകേശ്വരീമതം, ജ്ഞാനാർണ്ണവം, ശക്തിസംഗമതന്ത്രം സുന്ദരീഖണ്ഡം, പരമാനന്ദതന്ത്രം, ദക്ഷിണാമൂർത്തിസംഹിത, പരശുരാമകല്പസൂത്രം, നിത്യോത്സവം, ശ്രീവിദ്യാർണ്ണവം, ശ്രീവിദ്യാരത്നസൂത്രം, ത്രിപുരാരഹസ്യമെമെന്നിവ.

ദക്ഷിണേന്ത്യയിൽ ഏറെ പ്രചാരത്തിലുള്ളതാണ് ത്രിപുരാസംപ്രദായം. പ്രത്യേകിച്ചും കേരളത്തിലും ഇതിന് ഏറെ പ്രചാരം സിദ്ധിച്ചിട്ടുണ്ട്. നിത്യാഷോഡശികാർണ്ണവത്തിന്റെ ഋജുവിമർശിനീവ്യാഖ്യാതാവായ വിദ്യാനന്ദൻ പരാമർശിക്കുന്നത് കാശ്മീരാണ് ഈ സംപ്രദായത്തിന്റെ പ്രഭവസ്ഥാനമെന്നും ഇതിലെ നല്ലൊരുശതമാനം ഗ്രന്ഥങ്ങളും പ്രാകൃതഭാഷയിൽ ആണെന്നുമാണ്. എന്നാൽ പ്രാകൃതത്തിൽ ഈ സംപ്രദായത്തിലുള്ള ഒരു ഗ്രന്ഥവും ഇന്നേവരെ കണ്ടെത്തിയിട്ടില്ല. ഇന്ന് ലഭ്യമായതിൽ ഏറ്റവും പഴക്കം ചെന്നത് വാമകേശ്വരീമതമാണ്. കാമദേവൻ പ്രധാന ആരാധനാകേന്ദ്രമായിരുന്ന ഒരു സംപ്രദായം ക്രമേണ ത്രിപുരസുന്ദരീപ്രധാനമായി ഉരുത്തിരിഞ്ഞ് വന്നതാണ് ത്രിപുരാസംപ്രദായമെന്നാണ് ആധുനികപണ്ഡിതന്മാർ അവകാശപ്പെടുന്നത്. മഹാരാഷ്ട്ര, ആന്ധ്ര, കർണ്ണാടക, തമിഴ്നാട് എന്നീ സംസ്ഥാനങ്ങളെപ്പോലെത്തന്നെ ഈയൊരു സംപ്രദായത്തിന് കേരളവും വളരെയധികം സംഭാവനകൾ നൽകിയിട്ടുണ്ട്. പക്ഷേ ആരും തന്നെ ഇതിനെക്കുറിച്ച് ഇന്നേവരെ പഠിച്ചിട്ടില്ല.

ഗ്രന്ഥപാരമ്പര്യത്തിനുപരിയായി വലിയൊരു വ്യാഖ്യാനപാരമ്പര്യവും ത്രിപുരാസംപ്രദായത്തിനുണ്ട്. അവയിൽ വാമകേശ്വരീമതത്തിനുള്ള ജയരഥന്റെ വിവരണം, നിത്യാഷോഡശികാർണ്ണവത്തിനുള്ള ശിവാനന്ദന്റെ (എ. ഡി 1225-1275) ഋജുവിമർശിനീ, വിദ്യാനന്ദന്റെ അർത്ഥരത്നാവലീ, ഭാസ്കരരായരുടെ സേതുബന്ധം, യോഗിനീഹൃദയത്തിനുള്ള അമൃതാനന്ദയോഗിയുടെ (എ. ഡി 1325-1375) ദീപിക, തന്ത്രരാജതന്ത്രത്തിനുള്ള സുഭഗാനന്ദനാഥന്റെ (എ. ഡി പതിനേഴ്) മനോരമാ ടീകാ, രാമേശ്വരസൂരിയുടെ പരശുരാമകല്പസൂത്രവ്യാഖ്യാനം എന്നിവയൊക്കെ വ്യാഖ്യാനങ്ങളിൽ ഏറെ പ്രാധാന്യമർഹിക്കുന്നവയാണ്. ദക്ഷിണേന്ത്യക്കാരിൽ ത്രിപുരാസംപ്രദായത്തിൽ ഏറെ സംഭാവനകൾ നല്കിയ ആചാര്യനാണ് ഭാസ്കരരായമഖി.

**പശ്ചിമാമ്നായം**

പശ്ചിമാമ്നായത്തിലെ തന്ത്രങ്ങൾ കുബ്ജികാ തന്ത്രങ്ങൾ എന്നാണ് അറിയപ്പെടുന്നത്. പേരു സൂചിപ്പിക്കുന്നതുപോലെ കുബ്ജികയാണ് ഈ തന്ത്രങ്ങളിലെ പ്രധാന ആരാധനാമൂർത്തി. കുബ്ജികാ എന്ന പദത്തിന് കൂനുള്ളവൾ എന്നർത്ഥം. പ്രധാനപ്പെട്ട കുബ്ജികാതന്ത്രങ്ങളാണ് മന്ഥാനഭൈരവ

തന്ത്രം, കുലരത്നോദ്യോതം, ശ്രീമതസാരം, ശ്രീമതസാരസംഗ്രഹം, സിദ്ധപഞ്ചാശിക, കുളരത്നപഞ്ചകാവതാരം, നിഗ്ദഢജ്ഞാനസദ്ഭാവതന്ത്രം, കുളമൂലരത്നപഞ്ചകാവതാരം, കുബ്ജികോപനിഷത്, കുബ്ജികാതന്ത്രം, ചിഞ്ചിണീമതസാരസമുച്ചയം എന്നിവ. നേപ്പാളിലാണ് കുബ്ജികാതന്ത്രങ്ങൾക്ക് ഏറെ പ്രാധാന്യം സിദ്ധിച്ചിട്ടുള്ളത്. മഹാരാഷ്ട്രയിലെ കൊങ്കൺ ദേശത്തും കുബ്ജികാസംപ്രദായത്തിന് മുൻകാലങ്ങളിൽത്തന്നെ പ്രചാരമുണ്ടായിരുന്നതായി നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്. സൗന്ദര്യലഹരീവ്യാഖ്യാതാവായ ലക്ഷ്മീധരൻ മുന്നോട്ടുവെക്കുന്ന സമയാചാരം എന്ന ഷഡന്വയശാംഭവക്രമം കുബ്ജികാതന്ത്രവുമായി ഏറെ ബന്ധപ്പെട്ടതാണ്.

(തുടരും)

**ഔഷധസസ്യങ്ങൾ – 42**

# ഉമ്മം

**ഉണ്ണികൃഷ്ണൻ കിഴുത്താണി** **ഫോൺ : 0480 2832108**

സ്ഥാവരവിഷയങ്ങളിൽ കേൾവികേട്ട ഉമ്മം പേപ്പട്ടി വിഷത്തിന് ആയുർവ്വേദം അനുശാസിക്കുന്ന അനുയോജ്യമായ ഔഷധമാണ്. ഉപയോഗിയ്ക്കുമ്പോൾ അളവ് അതിക്രമിച്ചാൽ ഉന്മാദം അനുഭവപ്പെടും എന്ന അർത്ഥത്തിൽ ഉന്മത്ത എന്ന പേര് സിദ്ധിച്ചു. അതുലോപിച്ച് ഉമ്മം എന്നായിത്തീർന്നു.

സോളാനേസി കുടുംബത്തിൽപ്പെട്ട ഉമ്മത്തിന്റെ ശാസ്ത്രനാമങ്ങൾ ഡറ്റ്യൂറമെറ്റൽ, ഡറ്റ്യൂറസ്ട്രാമോണിയ എന്നിങ്ങനെ രണ്ടുവിധമുണ്ട്. സംസ്കൃതത്തിൽ ധുസ്തൂരം, ഉന്മത്ത തുടങ്ങിയ പേരുകളുണ്ട്. കായ, ഇല, വേര്, പൂവ് ഇവയാണ് ഔഷധാവശ്യങ്ങൾക്കായി ഉപയോഗിയ്ക്കുന്നത്. നേരത്തേ സൂചിപ്പിച്ചപോലെ പേപ്പട്ടിവിഷത്തിന് കൊടുക്കുന്ന ഔഷധമാണ്. കുടലിലും ശ്വാസകോശത്തിലും അനുഭവപ്പെടാറുള്ള കോച്ചിപ്പിടുത്തം ഇല്ലാതാക്കി വേദന ശമിപ്പിയ്ക്കുന്നു. ചെടിയുടെ ഏതുഭാഗം ഉപയോഗിക്കുമ്പോഴും അളവ് കൂടിപ്പോകാതെ ശ്രദ്ധിയ്ക്കണം. ചുരുക്കത്തിൽ വിദഗ്ദ്ധാഭിപ്രായത്തോടെ വേണം. അല്ലാത്തപക്ഷം ജീവനുതന്നെ ഭീഷണി ഉയർന്നേക്കാം.

ഔഷധപ്രയോഗത്തിലൂടെ - തണ്ടും, ഇലയും, പൂവും ഉണക്കിപ്പൊടിച്ച് ഹുക്കയിലിട്ട് ചുരുട്ടി സ്റ്റിക്കാക്കിയോ പുക വലിച്ചാൽ തമശ്വാസം(ബ്രോങ്കൽ ആസ്മ) കുറയും, ആമവാതം സന്ധിവാതം, രോഗികളിൽ സന്ധികളിൽ അനുഭവപ്പെടുന്ന നീരിനും വേദനയ്ക്കും ഇല അരച്ച് ഇടുകയാണെങ്കിൽ ശമനം കിട്ടും. സ്ത്രീകൾക്ക് ആർത്തവസമയത്ത് അനുഭവപ്പെടുന്ന വയറ്റുവേദനയ്ക്ക്

ഉമ്മത്തിന്റെ ഇലയിട്ട് വെന്ത വെള്ളത്തിൽ തുണിമുക്കി നാഭിയിലും, അടിവയറ്റിലും ആവിപിടിച്ചാൽ ശീഘ്രശമനം കിട്ടും.

ഉമ്മത്തിന്റെ കായ ഇടിച്ചുപിഴിഞ്ഞ നീര് തലയിൽ താളിയായി തേച്ച് പിടിപ്പിച്ചാൽ താരനും മുടികൊഴിച്ചിലും മാറുമെന്ന് നാട്ടറിവുകൾ വ്യക്തമാക്കുന്നു. നീല ഉമ്മത്തിന്റെ വേര്, തഴുതാമവേര്, മുരിങ്ങത്തൊലി ഇവസമമായെടുത്ത് അരച്ച് ലേപനം (കനത്തിൽ തേച്ച്പിടിപ്പിയ്ക്കണം) ചെയ്താൽ മന്തുരോഗം ശമിയ്ക്കും.

# പഞ്ചോപചാരക്രമം

ഡോ. ദാമോദർ നാരായണൻ സി.എൻ.

ജലം, ഗന്ധം, പുഷ്പം, ധൂപം,ദീപം എന്നിങ്ങനെയാണ് സാധാരണ കേരളീയപൂജാക്രമത്തിലെ പഞ്ചോപചാരങ്ങൾ. ഓരോ ഉപചാരങ്ങളും പഞ്ചഭൃതങ്ങളിലെ ഓരോന്നിനെയും പ്രതിനിധീകരിച്ചു കൊണ്ടാണെന്ന വസ്തുതയും പ്രസിദ്ധമാണ്.താനിരിക്കുന്ന ശരീരവും മറ്റും, താൻ പഞ്ചേന്ദ്രിയങ്ങളെക്കൊണ്ട് അറിയുന്ന ഈ ലോകത്തെയും താൻ പൂജിക്കുന്ന പഞ്ചഭൃതങ്ങൾക്ക് അടിസ്ഥാനമായുള്ള ദേവതാസ്വരൂപത്തിന് സമർപ്പിച്ച് ക്രമേണ താനും ആ ദേവതയും ഒന്നു തന്നെയാണെന്ന വിശാലമായ കാഴ്ച്ചപ്പാടിലേക്ക് പൂജകനെ കൈ പിടിച്ചുയർത്തുന്നതാണ് പൂജാതത്ത്വം. ഉപചാരമെന്നാൽ ഏകനായ ഈശ്വരന്റെ ഭേദങ്ങൾ തന്നെയാണ് എന്ന് വിഷ്ണുസംഹിതാ (ഉപചാരഃ സ്മൃതോ ഭേദ ഏകസ്യൈവ മഹാത്മനഃ).

പൃഥ്വി, ജലം, അഗ്നി, വായു, ആകാശം എന്നിങ്ങനെയാണ് പഞ്ചഭൃതങ്ങളുടെ പ്രസിദ്ധമായ ക്രമം. അതിനാൽ ആ ക്രമമനുസരിച്ചായിരിക്കണം പഞ്ചോപചാരങ്ങൾക്കും. എന്നാൽ ആ ക്രമമല്ല പൂജയിലേത്. വിഷ്ണുസംഹിതയിലെ നാലാം പടലത്തിലെ 56ആം ശ്ലോകത്തിന്റെ രണ്ടാം പാദത്തിന് (സർവ്വതത്ത്വയുതസ്യൈവ പൂജാ സംഹാരമാർഗ്ഗതഃ) ശ്രീ പുലിയന്നൂർ നാരായണൻ നമ്പൂതിരി എഴുതിയ ഹാരിണീ എന്നു പേരായ വ്യാഖ്യാനത്തിൽ മുകളിലെഴുതിയ ക്രമം സംഹാരക്രമമാണെന്നു പ്രസ്താവിച്ചിരിക്കുന്നു. അതായത് മോക്ഷാർത്ഥിയായ ഒരാൾ സർവ്വതത്ത്വയുക്തനായ ഭഗവാനെ പൂജിക്കുമ്പോൾ ഇങ്ങനെയുള്ള സംഹാരക്രമത്തിൽ പൂജിക്കണം.

..പ്രഥമം ഗന്ധസ്യ സമർപ്പണം, പുനർജ്ജലസ്യ, പുനർദ്ദീപസ്യ, പുനർധൂപസ്യ, പുനഃ പുഷ്പസ്യേത്യർത്ഥഃ (ഹാരിണീ).

ഇതു പ്രകാരം ആദ്യം ഗന്ധം (പൃഥിവീ) രണ്ടാമത് ജലം (അപ്), മൂന്നാമത് ദീപം (തേജഃ) നാലാമത് ധൂപം (വായു) അഞ്ചാമത് പുഷ്പം (ആകാശം). ഇതാണ് സംഹാരക്രമം. മാനസപൂജയിലെ വിരലുക ളുടെ ക്രമം നോക്കിയാലും ഈ ക്രമം മനസ്സിലാക്കാം. ചെറുവിരൽ, മോതിരവിരൽ, നടുവിരൽ,ചൂണ്ടാണിവിരൽ, പെരുവിരൽ എന്നിവ യഥാക്രമം പൃഥിവി, ജലം, അഗ്നി, വായു, ആകാശം എന്നിവയെ പ്ര തിനിധീകരിക്കുന്നു. ആ വിരലുകളെക്കൊണ്ട് പൊതുവിൽ ചെയ്തു വരുന്ന മാനസപൂജാക്രമം സൃഷ്ടിക്രമമാണെന്നും നമുക്കു മനസ്സിലാ ക്കാം. ഗൃഹസ്ഥരാണ് പൊതുവേ സ്ഥിതിക്രമത്തിലെ പൂജ ചെയ്യേ ണ്ടത്. അതിനാലായിരിക്കാം ഈ ക്രമം പ്രസിദ്ധമായതും.

RNI Registration Number – KERMAL/2012/56910



Printed and Published by K.P Sreedharan Namboothiri, owned by Shripuram Publications and printed at MAMA offset print, Irinjalakkuda, Thrissur, and published at Thrissur, address: Shripuram Publications, Madayikkonam,post,Irinjalakkuda,Thrissur, Kerala,680712.
Editor: D.Prakash

ISSN:2583-2484

*Scan the QR code for free download*